

2020 JANUARY
വിമല
Vol.14 Issue No. 01
തിരുനാൾ
പുതുവത്സരാശംസകൾ
5 ഞായർ ദനഹ ദീപം തെളിക്കൽ
24, 25 പ്രധാന തിരുനാൾ ദിനങ്ങൾ
ഫെബ്രുവരി 1 ശനി എട്ടാമിടം
St. Mary's Forane Church Athirampuzha

# സ്നേഹസ്മരണക്ക്

## 18-ാം ചരമവാർഷികം



# പി. വി. ജോസഫ് (അപ്പച്ചൻ)

## പുളിങ്ങാപ്പള്ളിൽ, അതിരംപുഴ

**ജനനം: 14.03.1935** **മരണം: 06.01.2002**

**ഞാൻ ജീവിച്ചിരുന്നപ്പോൾ നിങ്ങൾ എന്നെ സ്നേഹിച്ചു**
**ഞാൻ നിങ്ങളിൽ നിന്നും വേർ പിരിഞ്ഞെങ്കിലും**
**എന്റെ സ്നേഹം നിങ്ങളുടെ കൂടെ ഉണ്ടായിരിക്കും**
**നിങ്ങളുടെ പ്രാർത്ഥനയിൽ എന്നേയും കൂടി സ്മരിക്കേണമേ...**

2020 ജനുവരി

# വിമല

സെന്റ് മേരീസ് ചർച്ച് പാരിഷ് ബുള്ളറ്റിൻ




മാനേജിംഗ് എഡിറ്റർ
**ഫാ. ഡോ. ജോസഫ് മുണ്ടകത്തിൽ**
9447506593
jmundakam@gmail.com

ചീഫ് എഡിറ്റർ
**ഫാ. ലിബിൻ പുത്തൻപറമ്പിൽ**
9961996226
libinputhen@gmail.com

എക്സി. എഡിറ്റേഴ്സ്
**ഫാ. പ്രിൻസ് മാഞ്ഞൂരാൻ**
7034885003
princejmvc@gmail.com

**ഫാ. ജിജോ കുറിയന്നൂർപറമ്പിൽ**
9562323402
tjijo123@gmail.com

**ഫാ. ആന്റണി തളികസ്ഥാനം CMI**
9656711828

കൈക്കാരന്മാർ
**മാത്യു റ്റി.ജെ. തേക്കുനില്ക്കുംപറമ്പിൽ**
**ജോസഫ് ജോൺ ഉപ്പുപുരയ്ക്കൽ**
**സിബി സെബാസ്റ്റ്യൻ മാതിരംപുഴ**
**ആന്റോ മാർട്ടിൻ ജോസഫ് നടമുഖം**

പാരീഷ് കൗൺസിൽ സെക്രട്ടറി
**സഞ്ജിത്ത് പി. ജോസ് പ്ലാമൂട്ടിൽ**

**RECEPTION**
9496711268, 2730081
**OFFICE : 0481 2730742**
athirampuzhachurch@gmail.com

*ലേ-ഔട്ട്:* **അക്ഷരജ്യോതി**
9645754114
tomythomasktym@gmail

DTP : ആൻസി സണ്ണി
കൊട്ടാരമുകളേൽ

**2020**-ാം ആണ്ടിനെ വരവേൽക്കുന്ന നല്ല ദിനങ്ങളാണ് വരുന്നത്. പുതുവർഷം നമുക്ക് ഏറെ പ്രതീക്ഷ തരുന്നതാണ്. നല്ല തീരുമാനങ്ങളെടുക്കാവുന്ന, നല്ല ലക്ഷ്യങ്ങൾ ഉറപ്പിക്കാവുന്ന സമയം. നമ്മുടെ ഭൗതികവും ആത്മീയവുമായ ജീവിതത്തിന്റെ വളർച്ചയെയും തളർച്ചയേയും വിലയിരുത്തി നല്ല തീരുമാനങ്ങളെടുക്കാവുന്ന കാലഘട്ടം. ഈ പുതുവത്സരത്തിന്റെ പുലരികളിലും നമ്മെ ഏറെ ആശങ്കാലുക്കളാക്കുന്ന ഒത്തിരിയേറെ കാര്യങ്ങൾ നമുക്കു ചുറ്റും സംഭവിക്കുന്നു. മാറിമാറിവരുന്ന സാമ്പത്തികനയവും, സാമൂഹികമായ അരക്ഷിതാവസ്ഥകളും നിയമ നിർമ്മാണത്തിലും നിലപാടുകളിലും രാഷ്ട്രീയ ഭരണാധികാരികൾ എടുക്കുന്ന തീരുമാനങ്ങളിലെ പാളിച്ചകളും വ്യക്തിതാല്പര്യങ്ങൾക്കുവേണ്ടി ഹനിക്കപ്പെടുന്ന സമൂഹിക മാനുഷിക മൂല്യങ്ങളുമെല്ലാം ഇന്ത്യൻ ജനതയുടെ ജീവിതത്തെ പ്രതികൂലമായി ഏറെ ബാധിക്കുന്നുണ്ട്.

എങ്കിലും നമുക്ക് പുതുവർഷം ഏറെ പ്രതീക്ഷകൾ തരുന്നു. ഇനിയും എന്റെ ജീവിതത്തിൽ നന്മയുടെ പുലരികൾ ഉണ്ടാവുമെന്ന പ്രതീക്ഷ. നമ്മുടെ പ്രതീക്ഷകളോടൊത്ത് നമ്മുടെ പ്രാർത്ഥനകളും ചേർത്ത് വയ്ക്കാം. പ്രാർത്ഥനയോടെ ജാഗ്രതയോടെ ഈ പുതുവർഷത്തെ നമുക്ക് വരവേൽക്കാം. എല്ലാം മനോഹരമാവുന്ന ഒരുവർഷം, അതാകട്ടെ നാം വരവേൽക്കുന്ന ഈ പുതുവർഷം.

"Let us close our eyes to old ends, and open our Hearts to a new Begining."

ഏവർക്കും നന്മ ആശംസിക്കുന്നു.

പത്രാധിപ കുറിപ്പ്



**ഫാ. ഡോ. ജോസഫ് മുണ്ടകത്തിൽ**
വികാരി, സെന്റ് മേരീസ് ഫൊറോന ചർച്ച് അതിരമ്പുഴ
Mob: 9447506593 jmundakam@gmail.com

## പുതുവർഷത്തിന്റെ ആശംസകൾ

പ്രിയരെ,

2019 നമ്മോടു യാത്ര പറഞ്ഞു. പ്രതീക്ഷകളോടെ, പ്രാർത്ഥനയോടെ നാം വരവേറ്റ 2019 നമുക്ക് നേട്ടവും കോട്ടവും സമ്മാനിച്ച വർഷമായിരുന്നു. അതിരമ്പുഴ ഇടവകയെ സംബന്ധിച്ചിടത്തോളം ആത്മീയമായും ഭൗതികമായും നാം ഒരു പടികൂടി മുമ്പോട്ടു പോയി. ഈ ഇടവക മുത്തശ്ശിയ്ക്ക് ഒരു ഒരു മകൾകൂടി–12 ശ്ലീഹന്മാരുടെ പേരിൽ മാന്നാനത്ത് ഒരു ഇടവക പള്ളി – ജനിച്ചു. 2019 മെയ് മാസം 20–ാം തീയതി ആ ദൈവാലയം നിലവിൽ വന്നപ്പോൾ അത് അതിരമ്പുഴയുടെ ചരിത്രത്തിന്റെ ഭാഗമായി.

ഭൗതികമായി നോക്കുമ്പോൾ അധികം ഇടവകകൾക്ക് അവകാശപ്പെടുവാൻ സാധിക്കുകയില്ലാത്ത ഒരു വലിയ ശീതികരിച്ച കൺവൻഷൻ സെന്റർ വി. സെബസ്ത്യാനോസിന്റെ പേരിൽ പണിതീർത്ത് കൂദാശ ചെയ്തു നാടിന് സമർപ്പിച്ചു. അതുപോലെ പാറോലിക്കൽ പള്ളിയ്ക്കാവശ്യമായ കുറച്ചു സ്ഥലവും സ്വന്തമാക്കുവാൻ സാധിച്ചു. അങ്ങനെ കഴിഞ്ഞു

Reports

പോയ വർഷത്തിൽ നമുക്കു ലഭിച്ച ദൈവപരിപാലന വളരെ വലുതായിരുന്നു എന്നു കാണുവാൻ സാധിക്കും. ക്രിസ്തുമസ് ആഘോഷത്തോടെ ഈ വത്സരം നാം സമാപിപ്പിക്കുമ്പോൾ ഉണ്ണി ഈശോയെ തികഞ്ഞ യോഗ്യതയോടെ സ്വീകരിച്ചുകൊണ്ട് പുതിയ വർഷത്തിലേയ്ക്ക് - 2020ലേക്ക്, പുതിയ പ്രതീക്ഷകളോടെ നമുക്കു പ്രവേശിക്കാം. നമ്മുടെ പ്രതീക്ഷകൾ യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ ദൈവാനുഗ്രഹത്തിനായി ദൈവസന്നിധിയിൽ നമുക്ക് കരങ്ങൾ കൂപ്പാം.

2020-ലെ നമ്മുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് കർത്താവിന്റെ ദനഹാ തിരുനാൾ ആഘോഷത്തോടെയാണ്. മിശിഹാ യോർദ്ദാൻ നദിയിൽ വച്ച് യോഹന്നാനിൽ നിന്ന് മാമ്മോദീസ സ്വീകരിച്ച സംഭവമാണ് ദനഹാതിരുന്നാളിന്റെ അനുസ്മരണാവിഷയം. അതുവരെ രഹസ്യമായിരുന്ന ഈശോയുടെ ദിവ്യത്വം പരസ്യമായത് യോഹന്നാനിൽ നിന്നും ഈശോ മാമ്മോദീസ സ്വീകരിച്ചപ്പോഴാണ്. "പ്രാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവ് എഴുന്നെള്ളി വരികയും ഇവൻ എന്റെ പ്രിയ പുത്രനാകുന്നു ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു എന്ന് അരുളി ചെയ്യുകയും" ചെയ്തത് അപ്പോഴാണ്. ഈശോ അത്യുന്നതന്റെ പുത്രനാണെന്നും പരിശുദ്ധാത്മാവുമായി ഐക്യത്തിൽ ജീവിക്കുന്നു എന്നും പരസ്യമായത് ആ അവസരത്തിലാണ്. തുടർന്നുള്ള അവിടുത്തെ പരസ്യ ജീവിതവും പ്രബോധനവുമാണ് ദനഹാക്കാലത്തിന്റെ ധ്യാനവിഷയം.

ഇടവകയ്ക്ക് പുറത്തുനിന്നും അകത്തുനിന്നും അനേകായിരങ്ങൾ പങ്കെടുക്കുന്ന വി. സെബസ്ത്യാനോസ് സഹദായുടെ തിരുന്നാളാണ് പുതിയ വർഷത്തിലെ വളരെ ശ്രദ്ധേയമായ മറ്റൊരു ആഘോഷം. ഇതിനുള്ള ഒരുക്കങ്ങൾ 2019 ഒക്ടോബർ മാസത്തിൽ തന്നെ നാം ആരംഭിച്ചിരിക്കുന്നു. പ്രതിനിധിയോഗങ്ങൾ, പൊതുയോഗം തുടങ്ങിയ നൈയ്യാമിക സമിതികളുടെ യോഗങ്ങളും മറ്റ് കമ്മറ്റികളുടെ മീറ്റിംഗുകളും നടന്നു കഴിഞ്ഞു. സിവിൽ അധികാരികളുടെയും ജനപ്രതിനിധികളുടെയും സഹകരണവും നാം ഉറപ്പാക്കുന്നു.

വി. സെബസത്യാനോസ്, വിശ്വാസത്തിനുവേണ്ടി ജീവൻ ബലികഴിച്ച രക്തസാക്ഷി, നമ്മുടെ വിശ്വാസ ജീവിതത്തിന്റെ നേർസാക്ഷ്യമാണ്. ജീവൻ വെടിയേണ്ടി വന്നിട്ടും ഈശോയി

Reports





ലുള്ള വിശ്വാസത്തെ തള്ളിപ്പറയാതെ മുറുകെപ്പിടിച്ചവനാണ് അവൻ. വിശ്വാസ സംരക്ഷണം ത്യാഗം ആവശ്യപ്പെടുന്നു. കർത്താവിലൂടെ വെളിപ്പെടുത്തപ്പെട്ട സത്യവിശ്വാസം അതിന്റെ തനിമയിൽ സഭയിൽ നാം ജീവിക്കുമ്പോൾ പ്രശ്നങ്ങളും പ്രയാസങ്ങളും ഒക്കെ കടന്നുവരും. കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട ശ്ലീഹന്മാരുടെ ചരിത്രം നമുക്കന്യമല്ലല്ലോ. ഡയക്ലീഷൻ ചക്രവർത്തിയുടെ കാലഘട്ടത്തിൽ ഫ്രാൻസിലെ നർബോണയിൽ ജനിച്ച സെബസ്ത്യാനോസ് എ.ഡി 288ൽ 32-ാമത്തെ വയസ്സിൽ പരലോക പ്രാപ്തനായി. 5-ാം നൂറ്റാണ്ടിൽ വിരചിതമായ " Passio sancti sebastiani" എന്ന രേഖയിൽ അദ്ദേഹം ജീവിതത്തിൽ അനുഭവിച്ച രക്തസാക്ഷിത്വത്തേയും ആദ്യ പീഡനത്തിൽനിന്നും തന്നെ രക്ഷപ്പെടുത്തിയ ഐറിൻ എന്ന സ്ത്രീയെക്കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നു.

പഞ്ഞം, പട, വസന്ത എന്നിവയ്ക്കെതിരെ വിശുദ്ധന്റെ മദ്ധ്യസ്ഥത യാചിച്ചു തുടങ്ങിയത് മദ്ധ്യകാലഘട്ടത്തിലാണ്. എ.ഡി 680-ൽ റോമിൽ പടർന്നു പിടിച്ച ഒരു ബാധയിൽ നിന്ന് മോചനം കിട്ടിയത് വിശുദ്ധന്റെ മദ്ധ്യസ്ഥതയിലൂടെയാണ് എന്നുള്ള വാർത്ത പ്രചരിച്ചതോടെയാണ് ഇക്കാര്യത്തിൽ ജനങ്ങൾ മദ്ധ്യസ്ഥ്യത പ്രാർത്ഥിക്കുവാൻ തുടങ്ങിയത്. അതുപോലെതന്നെ അതിരമ്പുഴയിലും പരിസരപ്രദേശങ്ങളിലും വസൂരി രോഗം പടർന്നു പിടിച്ചപ്പോൾ വി. സെബസ്ത്യാനോസിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയിൽ ജനങ്ങൾ ആശ്രയം വയ്ക്കുകയും ആ രോഗത്തിന്റെ പിടിയിൽ നിന്നും രക്ഷപ്പെടുകയും ചെയ്തു എന്ന പാരമ്പര്യം വളരെ ശക്തമാണല്ലോ. അതിന്റെ നന്ദിസൂചകമായി വിശുദ്ധന്റെ നാമധേയത്തിൽ ഈ പള്ളി സ്ഥാപിക്കപ്പെട്ടു എന്നും ജനം വിശ്വസിച്ചു പോരുന്നു.

ഈ വിധേയത്വവും മദ്ധ്യസ്ഥ പ്രാർത്ഥനയും ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു. വിശുദ്ധന്റെ പ്രതിരൂപത്തിനരികെ വന്ന് കഴുന്ന് നേർച്ച നടത്തുവാനും കുരിശടിയിൽ എണ്ണവിളക്കു കൊളുത്തി പ്രാർത്ഥിക്കുവാനും നന്ദിപ്രകാശിപ്പിക്കുവാനും കടന്നുവരുന്നവർ അനവധിയാണ്. ജനുവരി മാസം 19-ാം തീയതി കൊടിയേറി ഫെബ്രുവരി 1-ന് എട്ടാമിടത്തോടെ അവസാനിക്കുന്ന തിരുനാളാഘോഷത്തിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്യുന്നതോടൊപ്പം എല്ലാവർക്കും വിശുദ്ധന്റെ മാദ്ധ്യസ്ഥ്യ സഹായം ലഭിക്കട്ടെ എന്നും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**സ്നേഹപൂർവ്വം വികാരിയച്ചൻ**

Reports

**ഒ**രു ക്രിസ്തുമസ്സും കൂടി കഴിഞ്ഞു. 2019 നോട് വിടപറഞ്ഞ് 2020നെ വരവേൽക്കുമ്പോൾ മനസ്സിൽ തിങ്ങി നിറയുന്നത് ഒരുപിടി മധുരിക്കുന്ന ഓർമ്മകളും പറഞ്ഞറിയിക്കാനാവാത്ത കടപ്പാടുമാണ്. കഴിഞ്ഞ ഈ കാലഘട്ടം ദൈവ നന്മയുടെ അനുഭവം നെഞ്ചിലേറ്റി ഒരു പുതിയ ആകാശവും ഭൂമിയും സൃഷ്ടിക്കാം. പാലിക്കപ്പെടാതെപോയ തീരുമാനങ്ങൾക്കപ്പുറത്ത് 2020 ഉറപ്പുള്ള തീരുമാനങ്ങളുടെ ഒരു വർഷമാകട്ടെ. നന്മതിന്മകളെ തിരിച്ചറിഞ്ഞ് നന്മയുടെ വഴികൾ തിരഞ്ഞെടുക്കുവാനുള്ള വിശ്വാസ ധീരത നമുക്കുണ്ടാകട്ടെ.

ഈശോയുടെ മക്കളെ..... ഈ വർഷത്തെ തരുവവതാര സന്ദേശ യാത്ര മനോഹരമായി നിങ്ങൾ ക്രമീകരിച്ചു. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളെ പരിപാലിക്കുന്ന ഒരു സ്ഥാപനത്തിനുവേണ്ടി നമ്മൾ ഈ വർഷത്തെ തുക നല്കുമ്പോൾ ക്രിസ്തുമസ്സിന്റെ വലിയ ഒരു സന്ദേശം ആ കുഞ്ഞുമക്കൾക്ക് കൊടുക്കുവാൻ നമുക്ക് സാധിക്കും. 9-ാം ക്ലാസ്സ് കുട്ടികളുടെ വിശ്വാസ പരിശീലന ക്യാമ്പ് ഒരു വലിയ അനുഭവമാക്കാൻ അക്ഷീണം പ്രവർത്തിച്ച കുട്ടികൾക്കും മതാദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ. ഉണ്ണിയേ തേടിയുള്ള നമ്മുടെ യാത്ര 25 ദിവസവും വി. കുർബാന അർപ്പിച്ചും ത്യാഗങ്ങൾ അനുഷ്ഠിച്ചും അനേകം കുഞ്ഞുങ്ങൾ ഒരുങ്ങിയത് വിശുദ്ധ ജീവിതത്തിലേയ്ക്കുള്ള വഴികളാണ്. ക്രിസ്തുമസ്സിന്റെ ആഘോഷത്തിനായി ബത്‌ലഹം മീറ്റ് നടത്തി ഒരുങ്ങിയത്



**ഫാ. ജിജോ**
കുറിയന്നൂർപറമ്പിൽ
tjijo123@gmail.com
9562323402

**നന്മതിന്മകളെ തിരിച്ചറിഞ്ഞ് നന്മയുടെ വഴികൾ തിരഞ്ഞെടുക്കുവാനുള്ള വിശ്വാസ ധീരത നമുക്കുണ്ടാകട്ടെ.**

Reports

വലിയ ദൈവകൃപയുടെ അനുഭവമായി.

പാരമ്പര്യവും തനിമയും നിറഞ്ഞുനിൽക്കുന്ന അതിരമ്പുഴ നാടിന് തന്നെ അനുഗ്രഹമായ വി. സെബസ്ത്യാനോസിന്റെ തിരുനാളിനുവേണ്ടി നമുക്ക് പ്രാർത്ഥിച്ച് ഒരുങ്ങാം.

എല്ലാവർക്കും തിരുനാളിന്റെ പ്രാർത്ഥനാശംകൾ

**സ്നേഹപൂർവ്വം**

**ജിജോച്ചൻ**

# സുകൃതങ്ങൾ നല്ല സുഹൃത്തുക്കൾ

**ഒ**രു മനുഷ്യനെ വധശിക്ഷക്ക് വിധിച്ചു. അയാൾ വിചാരിച്ചു. എനിക്ക് മൂന്ന് ആത്മാർത്ഥ സുഹൃത്തുക്കളുണ്ട്. അവരെന്നെ തീർച്ചയായും രക്ഷിക്കും. അയാൾ ആദ്യത്തെ സുഹൃത്തിന്റെയടുത്ത് ചെന്ന് സഹായം അഭ്യർത്ഥിച്ചു. എന്നാലയാൾ കണ്ടഭാവം കാട്ടിയില്ല. രണ്ടാമന്റെയടുത്ത് ചെന്നു. അയാളും കൈമലർത്തി.

'ഞാൻ നിസ്സഹായകനാണ്.... എനിക്കൊന്നും ചെയ്യാനാകില്ല.'

നിരാശനായി അയാൾ മൂന്നാമനെ സമീപിച്ചു.

'സുഹൃത്തെ, നീ മരിക്കുമ്പോഴും മരണശേഷവും ഞാൻ നിന്നോടൊപ്പമുണ്ടാവും. എന്നാൽ ജീവൻ തിരികെ തരാൻ മാത്രം എനിക്കാവില്ല...'

അപ്പോൾ നാലാമതൊരാൾ അവിടെയെത്തി. മുമ്പ് കണ്ടുപരിചയമില്ലാതിരുന്ന അയാൾ പറഞ്ഞു.

'നിന്റെ ദുഃഖങ്ങൾ ഞാൻ മാറ്റിത്തരാം. മരണപ്പെട്ടാലും മാറ്റാൻ എനിക്കു കഴിയും.'

ആരായിരുന്നു ഈ നാല് സുഹൃത്തുക്കൾ!

ഒന്നാമത്തെ സ്നേഹിതൻ ലോകമാണ്. രണ്ടാമത്തെ സ്നേഹിതൻ സ്വന്തജനമാണ്. മൂന്നാമത്തെ മിത്രം ശരീരമാണ്.

നല്ല മനസ്സോടെ സഹായിക്കാൻ സന്നദ്ധനായവൻ ആരാണ്?!

അത് നമ്മുടെ പുണ്യ പ്രവൃത്തികളാണ്. നാം ചെയ്യുന്ന പുണ്യകർമ്മങ്ങൾ അതൊന്നുമാത്രമേ അവസാനം ദൈവസന്നിധിയിൽ നമുക്ക് ഗുണകരമാകൂ.



**ഏ**വർക്കും ആഗതമാകുന്ന നവവത്സരത്തിന്റെ പ്രാർത്ഥനാശംസകൾ നേരുന്നു. ഒപ്പം വലിയ തിരുനാളിന്റെ അനുഗ്രഹങ്ങളും പ്രാർത്ഥിക്കുന്നു.

അതിരമ്പുഴക്കാരായ നമ്മെ സംബന്ധിച്ച് ഏറ്റം പ്രധാനപ്പെട്ട ദിനങ്ങളാണ് കടന്നു വരുന്നത്. പുണ്യപുരാതനമായ അതിരമ്പുഴത്തിരുനാളിൽ നിങ്ങളോടൊപ്പം പങ്കാളിയാവാൻ കഴിഞ്ഞതിൽ അതിയായ സന്തോഷം. മാർത്തോമ്മാ നസ്രാണികളുടെ പ്രൗഢിയും പദവികളും വിളിച്ചോതുന്ന പല ആചാരങ്ങളും നമ്മുടെ തിരുനാളിന്റെ പ്രത്യേകതയാണ്. വിഖ്യാതമായ നഗരപ്രദക്ഷിണവും, പ്രസിദ്ധമായ കരിമരുന്നു കലാപ്രകടനവും കഴുന്നു നേർച്ചയും ഒക്കെ നമ്മുടെ തിരുനാളിന്റെ മാത്രം പ്രത്യേകതയായി നിലകൊള്ളുകയാണ്.

ലോകം മുഴുവൻ അറിയപ്പെടുന്ന ഈ തിരുനാളിൽ നമുക്ക് ആത്മീയമായ ഒരുക്കത്തോടെ പ്രവേശിക്കാം. ജപമാലയർപ്പിച്ചും, വി. കുർബാനയിൽ പ്രാർത്ഥിച്ചും നമുക്ക് നമ്മെ ഒരുക്കണം. വിശ്വാസത്തിനുവേണ്ടി തനിക്കുണ്ടായിരുന്ന ഉന്നതസ്ഥാനം നിസാരമായി കരുതി ക്രൈസ്തവരുടെ രക്ഷയ്ക്കുവേണ്ടി ഇറങ്ങിത്തിരിച്ച വിശുദ്ധനെപ്പോലെ നമുക്കും ദൈവിക മനുഷ്യരായി മാറണം. പരി. അമ്മയുടെ മാദ്ധ്യസ്ഥ്യം നമുക്ക് അപേക്ഷിക്കാം. ഈ തിരുനാളിലൂടെ ഈശോയിലുള്ള വിശ്വാസത്തിൽ ആഴപ്പെടാൻ നമുക്കു പരിശ്രമിക്കാം. വിശ്വാസം പ്രഘോഷിച്ചും, സഹോദരസ്നേഹം വളർത്തിയും നമുക്ക് ഈ തിരുനാൾ നമ്മുടെ ആത്മീയ പോഷണമാക്കാം. ഏവർക്കും ഒരിക്കൽക്കൂടി പ്രാർത്ഥനാശംസകൾ അർപ്പിക്കുന്നു.

സ്നേഹത്തോടെ

**പ്രിൻസച്ചൻ**



**ഫാ. പ്രിൻസ്**
മാഞ്ഞൂരാൻ
princejmvc@gmail.com

**വിശ്വാസത്തിനുവേണ്ടി തനിക്കുണ്ടായിരുന്ന ഉന്നതസ്ഥാനം നിസാരമായി കരുതി ക്രൈസ്തവരുടെ രക്ഷയ്ക്കുവേണ്ടി ഇറങ്ങിത്തിരിച്ച വിശുദ്ധനെപ്പോലെ നമുക്കും ദൈവിക മനുഷ്യരായി മാറണം.**

Message

മിശിഹായിൽ സ്നേഹം നിറഞ്ഞവരെ,

പുതിയതിനെ സ്നേഹിക്കുന്നവരാണ് നാം, എന്തും ഏതും പുതുതായാൽ അത്ര മാത്രം നന്നാവുമെന്ന് ചിന്തിക്കുന്നവർ. നമ്മുടെ ജീവിതത്തിലേക്ക് നാം ഒരു പുതുവർഷത്തെകൂടി വരവേൽക്കുമ്പോൾ നന്നായി ഈ വർഷം തുടങ്ങാൻ നമുക്കാവട്ടെ. നമുക്ക് നല്ല തീരുമാനങ്ങളുണ്ടാവണം; ആ തീരുമാനങ്ങൾക്കുമേൽ ദൈവിക മുദ്രയുടെ പ്രാർത്ഥന ചേർക്കാൻ നമുക്ക് സാധിക്കണം. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ് (1 കൊറി 15:10) എന്ന് ഏറ്റുപറയുവാനുള്ള എളിമ നമുക്ക് ഈ പുതുവത്സരപുലരികളിൽ സ്വന്തമാക്കാം. പഴമയിൽ നിന്ന് പാഠം പഠിക്കുന്ന, പുതിയതിനെ പ്രത്യാശപൂർവ്വം സമീപിക്കുന്ന സന്തുഷ്ടമായ ഒരു ഹൃദയം നമുക്ക് ഉണ്ടായിരിക്കട്ടെ.

പ്രാർത്ഥിക്കുന്നവർ കൂടുതൽ നന്നായി പ്രാർത്ഥിക്കട്ടെ..... സ്നേഹിക്കുന്നവർ കുറേകൂടി ആഴമായി സ്നേഹിക്കട്ടെ..... നന്മ ചെയ്യുന്നവർ കൂടുതൽ ഉത്സാഹത്തോടെ നന്മചെയ്യട്ടെ. നിൽക്കുന്നു എന്ന് കരുതുന്നവർ ജാഗ്രതയോടെ വീഴാതിരിക്കാൻ സൂക്ഷിക്കട്ടെ.

ഇത് നമ്മുടെ ഇടവകയിലെ വലിയ തിരുനാളിന്റെ കാലഘട്ടം കൂടിയാണ് സെബസ്ത്യാനോസ് സഹദായെ ധ്യാനിച്ച് ആ പുണ്യവാളന്റെ ജീവിതത്തിൽനിന്ന് നന്മകൾ ഉൾക്കൊണ്ട് ജീവിതം ക്രമപ്പെടുത്താൻ നമുക്ക് പരിശ്രമിക്കാം.

ഏവർക്കും ഇടവകതിരുനാളിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം
ലിബിനച്ചൻ



**ഫാ. ലിബിൻ**
പുത്തൻപറമ്പിൽ
Mob: 9961996226
libinputhen@gmail.com

**പഴമയിൽ നിന്ന് പാഠം പഠിക്കുന്ന, പുതിയതിനെ പ്രത്യാശപൂർവ്വം സമീപിക്കുന്ന സന്തുഷ്ടമായ ഒരു ഹൃദയം നമുക്ക് ഉണ്ടായിരിക്കട്ടെ.**

Message

# പാരീഷ് കൗൺസിൽ റിപ്പോർട്ട്

**അ**തിരമ്പുഴ സെന്റ് മേരീസ് ഫൊറോന പള്ളിയുടെ 13-ാമത് പ്രതിനിധി യോഗത്തിന്റെ 8-ാമത് സമ്മേളനം ഡിസംബർ മാസം 8-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് യോഗശാലയിൽവെച്ച് നടന്നു. പ്രാർത്ഥനയ്ക്ക് ശേഷം വികാരി റവ. ഫാ. ഡോ. ജോസഫ് മുണ്ടകത്തിലിന്റെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു.

ബഹു. വികാരിയച്ചൻ നടത്തിയ ആമുഖസന്ദേശത്തിന് ശേഷം നവംബർ മാസത്തെ യോഗറിപ്പോർട്ട് അവതരിപ്പിച്ചു. അതിനുശേഷം നവംബർ മാസത്തെ പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. ചർച്ചകളെ തുടർന്ന് റിപ്പോർട്ടുകൾ യോഗം അംഗീകരിച്ച് പാസ്സാക്കി. പിന്നീട് നവംബർ മാസത്തെ പൊതുകണക്കും, ആഡിറ്റ് റിപ്പോർട്ടും അവതരിപ്പിച്ചു. ചർച്ചയെ തുടർന്ന് അവ അംഗീകരിക്കുകയും പാസ്സാക്കുകയും ചെയ്തു.

ദൈവാലയത്തിനുള്ളിൽ പ്രാവ് കയറുന്ന പ്രശ്നം പരിഹരിക്കുന്നതിനായി വിവിധ മാർഗ്ഗങ്ങൾ യോഗം ചർച്ച ചെയ്തു. വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനായി വികാരിയച്ചനും കൈക്കാരന്മാർക്കും യോഗം പൂർണ്ണ സ്വാതന്ത്ര്യം നല്കി.

ശ്രീമതി ശാന്തമ്മ ജോർജ് കുന്നേൽ സമർപ്പിച്ച വഴിസംബന്ധമായ അപേക്ഷ യോഗം പരിഗണിക്കുകയും സ്ഥിര നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കാത്ത രീതിയിൽ അവരുടെ വീട്ടിലേക്കുള്ള പ്രവേശനപാത മാറ്റി സ്ഥാപിക്കുവാൻ അനുമതി നല്കുകയും ചെയ്തു. തുടർന്ന് RDO യുമായി നടക്കുന്ന കൂടിക്കാഴ്ചയിൽ ഉന്നയിക്കേണ്ട അടിയന്തിര വിഷയങ്ങൾ യോഗം ചർച്ച ചെയ്തു.

ഔദ്യോഗിക മീറ്റിംഗുകൾ സ്വകാര്യത നഷ്ടപ്പെടാതെ നടത്തുന്നതിന് വലിയ സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ വേണ്ട ക്രമീകരണങ്ങൾ ചാവറ ഹാളിൽ നടത്തുന്നതിന് യോഗം അനുമതി നല്കി. പള്ളിവക ഹാളുകൾ വാടകയ്ക്ക് നല്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളെക്കുറിച്ച് ഗുണഭോക്താക്കളെ ധരിപ്പിക്കണമെന്നും അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും യോഗത്തിൽ നിർദ്ദേശമുണ്ടായി. 2020 ജനുവരി 3-ാം തീയതി 3 മണിക്ക് സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം നടക്കുന്നതാണെന്ന് വികാരിയച്ചൻ യോഗത്തെ അറിയിച്ചു.

6 മണിക്ക് പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

സഞ്ജിത് പി. ജോസ് പ്ലാമ്മൂട്ടിൽ
സെക്രട്ടറി





**സെന്റ് മേരീസ് സൺഡേസ്കൂൾ**

# വിശ്വാസ പരിശീലന റിപ്പോർട്ട്

**അ**തിരമ്പുഴ ഫൊറോനാ ബൈബിൾ കലോത്സവത്തിൽ എവർ റോളിംഗ് ട്രോഫി കരസ്ഥമാക്കിയ നമ്മുടെ കുട്ടികളെ അനുമോദിക്കുന്നതിനും ട്രോഫിയും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുന്നതിനുമായി ഡിസംബർ 1-ാം തീയതി ഞായറാഴ്ച 'മികവ്' 2019 എന്ന പേരിൽ അവാർഡ് ഡേ സംഘടിപ്പിക്കുകയുണ്ടായി, വികാരി. റവ. ഡോ. ജോസഫ് മുണ്ടകത്തിൽ അദ്ധ്യക്ഷനായ യോഗത്തിൽ ഇടവക ഫൊറോനാതല മത്സരവിജയികൾക്ക് സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകി ആദരിച്ചു. ഫൊറോനാ തലത്തിൽ നടന്ന കിഡ്സ് ഫെസ്റ്റിൽ സമ്മാനർഹരായവർക്കും. ചെറുപുഷ്പം മിഷൻലീഗിന്റെ നേതൃത്വത്തിൽ നടന്ന മിഷൻ ആന്ത മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ കുട്ടികൾക്കും സമ്മാനങ്ങൾ നൽകുകയുണ്ടായി. സൺഡേ സ്കൂൾ പി.റ്റി.എഫ്. പ്രസിഡന്റ് ശ്രീ റോയി കെ.കെ. സമ്മാനാർഹരായ കുട്ടികൾക്ക് ആശംസകളർപ്പിച്ച് സംസാരിച്ചു.

ചങ്ങനാശ്ശേരിയിൽ വച്ച് നടന്ന അൾത്താര ബാലന്മാരുടെ അതിരൂപതാതല ക്യാമ്പിൽ നമ്മുടെ സൺഡേ സ്കൂളിൽ നിന്ന് മാനുവൽ ബിനോയി പടിഞ്ഞാറേക്കുറ്റ് പങ്കെടുത്തു. ഡിസംബർ 7-ാം തീയതി ശനിയാഴ്ച അതിരമ്പുഴ ഫൊറോനായിലെ മുഴുവൻ അൾത്താര ശുശ്രൂഷികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു അർദ്ധസെമിനാർ നടക്കുകയുണ്ടായി. കെരുബിം എന്ന പേരിൽ നടന്ന സെമിനാറിൽ നമ്മുടെ ഇടവകയിൽ നിന്ന് 65-ഓളം അൾത്താര ബാലന്മാർ സംബന്ധിച്ചു.

കുട്ടികളുടെ പ്രഥമ വിശ്വാസപരിശീലനവേദി കുടുംബവും പ്രഥമ അദ്ധ്യാപകർ മാതാപിതാക്കളുമാണ്. ഇന്നത്തെ കാലഘട്ടത്തിൽ വിശ്വാസപരിശീലനവേദിയിൽ മാതാപിതാക്കളുടെ സ്ഥാനം വളരെ വലുതാണ്. അതുകൊണ്ട് തന്നെ നമ്മുടെ സൺഡേ സ്കൂൾ പി.റ്റി. എഫ്. പ്രവർത്തനങ്ങൾക്ക് വളരെയേറെ പ്രാധാന്യം നൽകി വരുന്നു. നവംബർ 17, 24, ഡിസംബർ 8,15 എന്നീ തീയതികളിൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ മാതാപിതാക്കളുടെ സമ്മേളനങ്ങൾ വിളിച്ചു ചേർത്തു. മുൻവർഷങ്ങളിലെ പോലെ രണ്ടു സെക്ഷ

Reports

നായി നടന്ന സമ്മേളനത്തിൽ ബഹു. വികാരിയച്ചൻ മാതാപിതാക്കളെ അഭിസംബോധനചെയ്തു. മതബോധനത്തിന്റെ വെല്ലുവിളികളെക്കുറിച്ചും മാതാപിതാക്കൾ എപ്രകാരം വിശ്വാസപരിശീലനത്തിൽ ശ്രദ്ധ ചെലുത്തേണ്ടതിനെക്കുറിച്ചും വികാരിയച്ചൻ സംസാരിച്ചു. രണ്ടാമത്തെ സെക്ഷനിൽ മാതാപിതാക്കൾ കുട്ടികളുടെ ക്ലാസ്സിലെത്തി ക്ലാസ്സ് അദ്ധ്യാപകരെ കാണുകയും കുട്ടികളുടെ മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. സൺഡേ സ്കൂൾ പി.റ്റി.എഫ്. എക്സിക്യൂട്ടീവ് സമ്മേളനം ഡിസംബർ 8–ാം തീയതി വൈകുന്നേരം സൺഡേസ്കൂൾ ഓഫീസിൽ വച്ച് കൂടി. സൺഡേ സ്കൂളിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന ബെത്‌ലഹേം മീറ്റ് സെൻട്രൽ വാർഡ് താന്നിപൊതിയിൽ ജോനാ റ്റി. മാത്യുവിന്റെ ഭവനത്തിലും മാറാമ്പ് വാർഡിലെ സമ്മേളനം മരിയ റോയിയുടെ ഭവനത്തിലും വച്ച് നടന്നു.

പിറവിക്കാലത്തിന്റെ ചൈതന്യം അംഗീകരിച്ച് ദനഹാക്കാലത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ വിനയത്തിന്റെയും എളിമയുടെയും വക്താക്കളായി ഈശോയ്ക്കു വേണ്ടി ജീവരക്തം ചിന്തിയ രക്തസാക്ഷികളുടെ ജീവിത മാതൃക പിൻചെന്ന് നമുക്കും വിശുദ്ധിയിലേയ്ക്കുയരാം.

സെക്രട്ടറി

ആൽബർട്ട് ജോസഫ്

## സെന്റ് റീത്താ സൺഡേസ്കൂൾ

സീറോ മലബാർ സഭയുടെ ആരാധനാ വത്സരം ആരംഭിക്കുന്നത് മനുഷ്യാവതാര രഹസ്യം അനുസ്മരിക്കുന്ന മംഗളവാർത്താക്കാലത്തോടു കൂടിയാണ് സുറിയാനി ഭാഷയിൽ സുബാറ എന്ന് അറിയപ്പെടുന്ന ഈ വാക്കിന്റെ അർത്ഥം പ്രഖ്യാപനം അറിയിപ്പ് എന്നൊക്കെയാണെന്ന് മനസ്സിലാക്കിത്തന്നു കൊണ്ട് ബഹു.ലിബി

നച്ചൻ ഏവർക്കും ആശംസകൾ നേർന്നു.

2019–20 വർഷങ്ങളിലെ മികച്ച അൾത്താരാ ബാലന്മാർക്കുള്ള മാർ.തോമസ്സ് കുര്യാളശ്ശേരി അവാർഡിന് സെന്റ് റീത്താ സൺഡേ സ്കൂളിൽ നിന്നും കെവിൻ ജിജോ വേകത്താനം അർഹനായി. ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ അഖിലകേരളാ മത്സരത്തിലും സണ്ണിവൈശ്യന്റേടം മെമ്മോറിയൽ ക്വിസ് മത്സരത്തിലും ഇവിടെനിന്നും കുട്ടികൾ പങ്കെടുത്തു. ക്ലാസ്സ് അടിസ്ഥാനത്തിൽ കുട്ടികൾ ക്രിസ്തുമസ് ഫ്രണ്ടിനെ തിരഞ്ഞെടുത്തു. ഈശോയോടുകൂടി ഇരുപത്തിയഞ്ച് ദിവസമായിരിക്കുക എന്ന ലക്ഷ്യത്തോടെ മിഷൻ ലീഗ് കുട്ടികൾ നടത്തുന്ന ഉണ്ണിയെ തേടി എന്ന യാത്രയിൽ 100–ഓളം കുട്ടികൾ ദിവസവും പരി.കുർബ്ബാനയിൽ പങ്കെടുക്കുകയും അവരാൽ കഴിയുന്ന പുണ്യപ്രവർത്തികളിൽ വ്യാപൃതരാവുകയും ചെയ്യുന്നു എന്നത് റീത്താകുടുംബത്തിന് അഭിമാനിക്കാവുന്ന ഒന്നാണ്. ഡിസംബർ 13,14,15 തീയതികളിൽ ചങ്ങനാശ്ശേരിയിൽ വച്ച് നടന്ന B.C.T-camp-ൽ ഇവിടെ നിന്നും മൂന്ന് അദ്ധ്യാപകർ പങ്കെടുത്തു. അങ്ങിനെ സെന്റ് റീത്താ സൺഡേസ്കൂളിലെ മുഴുവൻ അദ്ധ്യാപകരും ഈ കോഴ്സ് പൂർത്തിയാക്കി. ഡിസംബർ മാസത്തെ അദ്ധ്യാപക സമ്മേളനം മനോജ് സാറിന്റെ ഭവനത്തിൽവച്ച് നടക്കുകയും ചെയ്തു. 22–ാംതീയതി തിരുവവതാര സന്ദേശയാത്ര റീത്തായിലെ യൂണിറ്റുകളിലും ഹോളിഫാമിലി 5 യൂണിറ്റുകളിലും പോകാൻ തീരുമാനിച്ചു.

തങ്ങളുടെ നിസ്സഹായവസ്ഥയും പാപസാഹചര്യങ്ങളും മനസ്സിലാക്കി മിശിഹായിലേക്ക് നടന്നടുക്കണമെന്നും മിശിഹായ്ക്ക് പിറക്കുവാൻ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ ഇടം നൽകണമെന്നും. ഈ കാലങ്ങളിലെ വി. ഗ്രന്ഥവായനകളും പ്രാർത്ഥനകളും ഗീതങ്ങളും നമ്മെ അനുസ്മരിപ്പിക്കുന്നതായി ലിബിനച്ചൻ പ്രത്യേകം ഓർമ്മിപ്പിക്കുകയും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ ഏവർക്കും ആശംസിക്കുകയും ചെയ്തു.

സെക്രട്ടറി

ഷാന്റി മാത്യു ചോരേട്ട് ചാമക്കാല

Reports

# കുടുംബകൂട്ടായ്മ റിപ്പോർട്ട്

കുടുംബകൂട്ടായ്മ ലീഡർമാരുടെ ഡിസംബർ മാസത്തെ യോഗം 01-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.45ന് ചാവറ ഹാളിൽവച്ച് ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. 'നസ്രായന്റെ കൂടെ-2019" വാർഡ് കൺവൻഷന്റെ ഭംഗിയായ നടത്തിപ്പിന് സഹകരിച്ച എല്ലാ ലീഡേഴ്സിനെയും ബഹു. വികാരിയച്ചൻ യോഗത്തിൽ അഭിനന്ദിച്ചു. ഡിസംബർ മാസത്തിലെ കൂട്ടായ്മകളിൽ ഭക്തിപൂർവ്വമായ ജപമാല പ്രാർത്ഥന നടത്തണമെന്ന് അച്ചൻ ഓർമ്മിപ്പിച്ചു. ഡിസംബർ 8-ാം തീയതി മാതാവിന്റെ അമലോത്ഭവ തിരുനാളിനോടനുബന്ധിച്ച് വൈകുന്നേരം 4.15ന് ആഘോഷമായ തിരുനാൾ കുർബാനയും തുടർന്ന് റോസറി ഗാർഡനിലേയ്ക്ക് ജപമാല പ്രദക്ഷിണവും ഉണ്ടായിരിക്കുമെന്നറിയച്ചു. കുടുംബകൂട്ടായ്മ ലീഡേഴ്സിന്റെ അതിരൂപതാ മഹാസമ്മേളനം 'ഹെസദ്-2019' ഡിസംബർ 14-ാം തീയതി മാർ മാത്യു കാവുകാട്ട് നഗർ, എസ്.ബി. കോളേജ് ചങ്ങനാശേരിയിൽവച്ച് നടത്തപ്പെടുന്നതാണെന്നും അതിൽ പങ്കെടുക്കുവാൻ കൂട്ടായ്മ ലീഡേഴ്സ് എല്ലാവരും തന്നെ ശ്രമിക്കണമെന്നും ബഹു. വികാരിയച്ചൻ അറിയിച്ചു. ഡിസംബർ 18-ാം തീയതി ബുധനാഴ്ച മൈലാപ്പൂരിലെ അത്ഭുത സ്ലീവായുടെ തിരുനാളായതിനാൽ അഭിവന്ദ്യ പെരുന്തോട്ടം പിതാവിന്റെ പ്രത്യേക നിർദ്ദേശപ്രകാരം അന്നേ ദിവസം സ്ലീവാ അലങ്കരിക്കുകയും വി. കുർബാന മദ്ധ്യേ എഴുന്നൊള്ളിക്കുന്നതിനും ചുംബിക്കുന്നതിനുമുള്ള അവസരം ഒരുക്കുന്നതാണെന്നും അറിയിച്ചു. തിരുനാൾ ദിനങ്ങളിൽ സേവന തല്പരരായവർക്കായി "സന്നദ്ധസേന" രൂപികരിക്കുന്നതാണെന്നും അതിൽ ചേരാൻ താല്പര്യമുള്ളവർ പേരുവിവരങ്ങൾ രേഖപ്പെടുത്തണമെന്നും ബഹു. ലിബിനച്ചൻ ആവശ്യപ്പെട്ടു. ഡിസംബർ മാസം വചനമാസമായി ആചരിക്കയാൽ ഡിസംബർ 22-ാം തീയതി ഞായറാഴ്ച നമ്മുടെ ഇടവകയിൽ സമ്പൂർണ്ണ തിരുവചന വായനാദിനമായി ആചരിക്കുന്നതാണെന്നും ബഹു. വികാരിയച്ചൻ കൂട്ടിച്ചേർത്തു. അതിരുപതയിലെ സീനിയർ കാറ്റഗെറ്റിക്കൽ റിസോഴ്സ് ടീം അംഗമായ ബഹു. ജേക്കബ് പൊന്നാറ്റിൽ സാർ ഓരോ യൂണിറ്റിലും വായിക്കേണ്ട തിരുവചനഭാഗം വീതിച്ചു

നല്കി. തുടർന്ന് അതിരൂപതാ നിർദ്ദേശപ്രകാരം ഓരോ കുടുംബത്തിലും എത്തിക്കേണ്ട 'കളർ എ ഹോം' ഫോറം, ക്രിസ്മസ്സ് സംഭാവനാ കവർ, ആരാധനാ വത്സര കലണ്ടർ, കുടുംബജ്യോതി എന്നിവയും പാരീഷ് ബുള്ളറ്റിനായ 'വിമല'യും എല്ലാ കൂട്ടായ്മകൾക്കും വിതരണം ചെയ്തു. ജനുവരി 5-ാം തീയതി സാഘോഷം കൊണ്ടാടുന്ന പിണ്ടികുത്തി (ദനഹാ) തിരുനാളിൽ പങ്കെടുക്കുവാൻ എല്ലാ കൂട്ടായ്മകളും ശ്രദ്ധിക്കണമെന്നും കുറച്ചുകൂടി ഭംഗിയാക്കുവാൻ ശ്രമിക്കണമെന്നും ഓർമ്മിപ്പിച്ചുകൊണ്ട് സമാപന പ്രാർത്ഥനയോടെ യോഗം 4.30ന് അവസാനിച്ചു.

ജനറൽ സെക്രട്ടറി

റോജി ചെറിയാൻ ചേന്നാട്ട്

## മാതൃ-പിതൃവേദി റിപ്പോർട്ട്

മാതൃവേദി- പിതൃവേദി യൂണിറ്റിന്റെ നവംബർ 20 മുതൽ ഡിസംബർ 22 വരെ നടത്തിയ പരിപാടികൾ.

### അഭയഭവൻ സന്ദർശനം

ഡിസംബർ 1-ാം തീയതി 7.45ന്റെ കുർബാനയ്ക്ക് ശേഷം യൂണിറ്റ് ഡയറക്ടർ ഫാ. ലിബിൻ പുത്തൻപറമ്പിലച്ചന്റെ നേതൃത്വത്തിൽ പിതൃവേദി അംഗങ്ങൾ അഭയഭവൻ സന്ദർശിക്കുകയും പരിസരങ്ങളിൽ ശുചികരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. എല്ലാ സഹായങ്ങളും ചെയ്തുതന്ന മദർ സി. റോസി ചെറിയാനും സഹപ്രവർത്തകർക്കും പ്രത്യേകം നന്ദി.

കർഷകമഹാ സംഗമം- ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ ആലപ്പുഴയിൽ വച്ച് നടന്ന സംഗമത്തിൽ ഇവിടെനിന്നും 9 പിതൃവേദി അംഗങ്ങളുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

**ജനുവരി പ്രോഗ്രാം**

ജനുവരി 5 ഫൊറോന വാർഷികം (മണ്ണാർകുന്ന് പള്ളി)

ജനുവരി 24,25,26 പിതൃവേദി സ്റ്റാൾ

സെക്രട്ടറിമാർ

ജോസ് ജോസഫ് ഒഴുകയിൽ   ഷീന സിബി വേങ്ങത്തടത്തിൽ

Reports

# യുവദീപ്തി റിപ്പോർട്ട്

Nov 23 ശനിയാഴ്ച്ച വൈകുന്നേരം 5:30 ന് യുവജനങ്ങൾക്കായുള്ള ഈവനിംഗ് ക്യാമ്പ് നടന്നു. റവ.ഫാ.ആന്റണി തളികസ്ഥാനത്തിന്റെ ക്ലാസ്സോടെ ആരംഭിച്ച ക്യാമ്പിൽ യുവജനങ്ങൾ പങ്കെടുത്തു. തുടർന്ന് വിവധതരം ഗെയിമുകളോടെ 8 മണിക്ക് ക്യാമ്പ് അവസാനിപ്പിച്ചു.

ഡിസംബർ 14– ാം തീയതി യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ വി.എവുപ്രാസ്യാമ്മയുടെയും വി.മറിയം ത്രേസ്യായുടെയും കബറിടത്തിലേക്കും വാ. റാണി മരിയയുടെ ഇടവക ദൈവാലയത്തിലേക്കും തീർത്ഥാടനം നടത്തി. തീർത്ഥാടനത്തിൽ 40 പേർ പങ്കെടുത്തു.

ഡിസംബർ 1–ാം തീയതി യുവദീപ്തിയുടെ ജന്മദിനം നമ്മുടെ യൂണിറ്റിൽ ആഘോഷിച്ചു. അന്നേ ദിവസം തന്നെ യുവദീപ്തി ഫോറോനാ,അതിരൂപതാ കലോത്സവങ്ങളിൽ സമ്മാനാർഹരായ യുവജനങ്ങളെ ആദരിച്ചു.

യുവദീപ്തി നേതൃത്വത്തിൽ നടക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ധനശേഖരണാർത്ഥം ഡിസംബർ 20,21,22,23 തീകളിൽ കേക്ക് വിൽപ്പന നടത്തി.

(സെക്രട്ടറിമാർ)

ആഷിക് റെജി — ആൻമേരി സെബാസ്റ്റ്യൻ



## ഉദ്ദിഷ്ഠ കാര്യം സാധിച്ചതിന്

## ഉപകാര സ്മരണ

Reports



# വികാരിയച്ചന്റെ ജീവകാരുണ്യ ഫണ്ട്
## 2019 നവംബർ മാസത്തെ വരവ് ചെലവ് കണക്ക്

| | വരവ് | ചെലവ് |
|---|---|---|
| **മുൻനീക്കിയിരുപ്പ്** | **1,90,352.00** | |
| രസീത് 1993 | 285.00 | |
| 1994 | 515.00 | |
| 1995 | 2000.00 | |
| 1996 | 1460.00 | |
| 1997 | 1900.00 | |
| 1998 | 1280.00 | |
| 1999 | 600.00 | |
| 2000 | 200.00 | |
| 01 | 2280.00 | |
| 02 | 480.00 | |
| 03 | 2000.00 | |
| 04 | 1000.00 | |
| 05 | 655.00 | |
| 06 | 380.00 | |
| 07 | 170.00 | |
| 08 | 726.00 | |
| 09 | 1180.00 | |
| 10 | 700.00 | |
| 11 | 1,740.00 | |
| 12 | 280.00 | |
| 13 | 310.00 | |
| 14 | 345.00 | |
| 15 | 870.00 | |
| 16 | 1400.00 | |
| H 43 | 2760.00 | |
| H 43 | 1010.00 | |
| H 47 | 5520.00 | |
| H 53 | 1490.00 | |
| H- 60 | 750.00 | |
| H 61 | 880.00 | |
| H 61 | 4120.00 | |
| ചികിത്സ സഹായം | | 41,350.00 |
| വിദ്യാഭ്യാസം | | 14,500.00 |
| ജീവകാരുണ്യഭവനം(8 ഭവനങ്ങൾ) | | 1,41,725.00 |
| | **2,29,638.00** | **1,97,575.00** |

**നീക്കിയിരുപ്പ്** **32,063.00**





**സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി**
**സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസ്, അതിരമ്പുഴ നവംബർ 2019**

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് കാഷ് | 28661 | ചികിത്സാസഹായം | 54500 |
| ബാങ്ക് | 319 | ഭക്ഷണ സഹായം | 55700 |
| രഹസ്യപ്പിരിവ് | 11850 | വിദ്യാഭ്യാസസഹായം | 1000 |
| വ്യക്തികളിൽനിന്ന് | 43600 | അഭ്രോഭവൻ | 2500 |
| വ്യാപാരികളിൽനിന്ന് | 14140 | ക്ലിനിക് ചെലവ് | 7687 |
| ടിൻകളക്ഷൻ | 2110 | | |
| ഓസാനാം ദിനവരവ് | 85130 | | |
| | | നീക്കിയിരിപ്പ് | |
| | | കാഷ് | 3974 |
| | | ബാങ്ക് | 61449 |
| ആകെ | 186810 | ആകെ | 186810 |

## MISSION AID Nov. 2019

| | | |
|---|---|---|
| Opening Balance | 55,340.00 | |
| Medical | | 3,750.00 |
| Total | 55,340.00 | 3,750.00 |
| Closing Balance | 51,590.00 | |

## ശുഭചിന്ത

കാലം കർമ്മത്തിനുള്ളതാണ്. വൃഥാ പാഴാക്കാനുള്ളതല്ല. കാലാകാലം കർമ്മം ചെയ്യുന്നവരെ കാലം കൈവെള്ളയിൽ കാക്കും. അതിന്റെ തങ്കത്താളുകളിൽ അവരുടെ പേരുകൾ മായാത്ത മഷികൊണ്ടെഴുതും.

കാലാനുസരണം കർമ്മം ചെയ്യുന്നവരാണ് യുഗ പുരുഷന്മാർ. **നിഷ്ക്രിയത ക്രസ്തവന് ഒരുനാളും ഭൂഷണമല്ല.** കാലം ചെയ്യുന്നതുവരെ കർമ്മനിരതനായിരിക്കുക. യേശു പറഞ്ഞു. എന്റെ പിതാവ് എപ്പോഴും പ്രവർത്തനനിരതനാണ്. ഞാനും പ്രവർത്തിക്കുന്നു. യോഹ. 5:17



പരിശുദ്ധ അമ്മേ

ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ...

ഉദ്ദിഷ്ഠ കാര്യം സാധിച്ചതിന് ഉപകാരസ്മരണ

## ഉദ്ദിഷ്ഠ കാര്യം സാധിച്ചതിന്

## ഉപകാര സ്മരണ








**Garnish Caterers (P) Ltd.**

Ph: 0484 280 8417 93888 44965 Helpline: 93888 81080

alwaysgamished @gmail.com www.garnishcateres.com

**H.O. ERNAKULAM THIRUVALLA TRIVANDRUM**

**PADIVATTOM**

**പാടിവട്ടം**

## ഞങ്ങൾ ഒന്നായ്

മണ്ഡപത്തിൽ ടോമി സെബാസ്റ്റ്യൻ ജെസ്സി മാത്യു മകൻ സെസിൽ ദേവ് ടോംസും കുളങ്ങര നിമിഷ ജോസ് തോമസും 23-11-2019

പാറശ്ശേരിൽ മർക്കോസ് എൽസമ്മ മകൻ വിപിൻ പി.എം. ഉം കോച്ചേരി ജെയ്സി ജെയിംസും 07-12-2019

## ഞങ്ങൾ വരവായ്

തയ്യിൽ ജെറി ജോൺ, മെറിൻ സെബാസ്റ്റ്യൻ മകൾ തെരേസാ 27-11-2019

ഒതളമറ്റംതടത്തിൽ ബിനോഷ് സെബാസ്റ്റ്യൻ, അനീഷ ബിനോഷ് മകൻ ആദിൻ ബിനോഷ് സെബാസ്റ്റ്യൻ 09-12-2019

കൊച്ചുകാട്ടേൽ സെബാസ്റ്റ്യൻ മാത്യു ദിവ്യാ കെ.ആർ. മകൾ ഹന്നാ എസ് 14-12-2019

കൂനാനിക്കൽ സനീഷ് ലൂക്കോസ് ലിൻസി സനീഷ് മകൻ ഇമ്മാനുവേൽ 21-12-2019

## ഞങ്ങൾ ഓർമ്മയായി

| | | |
|---|---|---|
| പുതുക്കാട്ട് വാകാനിൽ സി.ജെ. ജോസഫ് | 79 | 18-11-2019 |
| കുളങ്ങര സിബി മാത്യു | 42 | 20-11-2019 |
| കരിവേലിമലയിൽ കെ.പി. വർക്കി | 58 | 30-11-2019 |
| തെക്കേടത്ത് സർജിത്ത് സെബാസ്റ്റ്യൻ | 60 | 01-12-2019 |

**വിവാഹ ഒരുക്ക സെമിനാർ**



**ചങ്ങനാശേരി പാസ്റ്റൽ സെന്റർ**
**0481-2420349**
**2424476, 9447030814**

**ജനുവരി 2020**

2,3,4 സിയോൻ
9,10,11 സിയോൻ
20,21,22 ചങ്ങനാശേരി
27,28,29 സിയോൻ

**ഫെബ്രുവരി**

3,4,5 സിയോൻ
10,11,12 സിയോൻ
14,15,16 ചങ്ങനാശേരി



# തിരുനാൾ – 2020

## ദേശകഴുന്ന് – ജനറൽ കൺവീനർമാർ (2020 – 2022)

| ദേശകഴുന്ന് | പ്രദക്ഷിണം | ജനറൽ കൺവീനർ | ഫോൺ നമ്പർ |
|---|---|---|---|
| ജനുവരി 20 | തെക്കും ഭാഗം | റോജിയോ ജോർജ് പൊന്നാറ്റിൽ | 9400474130 |
| ജനുവരി 21 | കിഴക്കും ഭാഗം | സിബി ജേക്കബ് വേങ്ങത്തടത്തിൽ | 9447546274 |
| ജനുവരി 22 | വടക്കും ഭാഗം | ജോണി മാത്യു പണ്ടാരക്കളം | 9447409610 |
| ജനുവരി 23 | പടിഞ്ഞാറ്റുംഭാഗം | ജയിംസ് ജോർജ് മൂലക്കാട്ട് | 7736481947 |

## ദേശകഴുന്ന്- വാർഡ് കൺവീനർമാർ

### തെക്കും ഭാഗം

| | | | |
|---|---|---|---|
| ജനുവരി 10 | പാറോലിക്കൽ | ടോമി ചരലുകുഴിയിൽ | |
| ജനുവരി 11 | മുണ്ടകപ്പാടം | റോജിയോ ജോർജ് പൊന്നാറ്റിൽ | 9400474130 |
| ജനുവരി 12 | മാറാമ്പ് കിഴക്ക് | ജോസഫ് തോമസ് (ബേബി) ഞൊങ്ങിണിയിൽ | 9633949007 |
| ജനുവരി 13 | മാറാമ്പ്പടിഞ്ഞാറ് | റോയി ദേവസ്യാ പാക്കത്തുകുന്നേൽ | 8281036081 |

## കിഴക്കും ഭാഗം

| | | | |
|---|---|---|---|
| ജനുവരി 14 | മാർസ്ലീവ | സിബി ജേക്കബ് വേങ്ങത്തടത്തിൽ | 9447546274 |
| ജനുവരി 15 | മനയ്ക്കപ്പാടം | റെജി സെബാസ്റ്റ്യൻ പൊയ്യാറ്റിൽ ഞൊങ്ങിണിയിൽ | 9497393856 |

## വടക്കും ഭാഗം

| | | | |
|---|---|---|---|
| ജനുവരി 16 | പെരുമ്പുഴ | ജോസ് എം.ഡി. മുണ്ടയ്ക്കൽ | 9497791034 |
| ജനുവരി 17 | റീത്ത | എൻ.വി. ജോസ് നിരവത്ത് | 9447721803 |
| | ഹോളിഫാമിലി | രാജു ജോസഫ് പുളിങ്ങാപ്പള്ളി | 9496464478 |

## പടിഞ്ഞാറ്റും ഭാഗം

| | | | |
|---|---|---|---|
| ജനുവരി 18 | മാന്നാനം | ജെയിംസ് ജോർജ് മൂലക്കാട്ട് | 7736481947 |
| ജനുവരി | സെൻട്രൽ | സാബു കുര്യൻ പീടിയേക്കൽ | 9447457211 |
| | അമ്മഞ്ചേരി | ബിനു സെബാസ്റ്റ്യൻ മാതിരമ്പുഴ | 9447909684 |

സ്നേഹസ്മരണയ്ക്ക്



## 10-ാം ചരമ വാർഷികം
## (04-01-2020)

# ഒ. എ. തോമസ്

(തോമാച്ചൻ)

ഒതളമറ്റത്തിൽ, അതിരമ്പുഴ

മരണം 04 - 01 - 2010

ഒരിക്കലും മരിക്കാത്ത ഓർമ്മകളോടെ
സന്തപ്ത കുടുംബാംഗങ്ങൾ

സ്നേഹ സ്മരണക്ക്

## ഒന്നാം ചരമവാർഷികം

മരണം 12 – 01 – 2019



# വത്സമ്മ ജോസഫ് (54)

## തലയിണക്കുഴിയിൽ

അതിരമ്പുഴ

**ഞാൻ നിങ്ങളിൽ നിന്നും വേർപിരിഞ്ഞുപോയെങ്കിലും**
**എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.**

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമേ.



സ്നേഹസ്മരണയ്ക്ക്

## 4-ാം ചരമ വാർഷികം

03-01-2020

# കെ.സി. ജേക്കബ്

(ജോയി)

കുളംകുത്തിയിൽ

അതിരമ്പുഴ

മരണം 03-01-2016

ഒരിക്കലും മരിക്കാത്ത
ഓർമ്മകളുമായി പ്രാർത്ഥനകളോടെ

---

സ്നേഹ സ്മരണക്ക്

## ആറാം ചരമവാർഷികം

9-1-2020

# റ്റി.ഡി. ചാക്കോ

തറപ്പേൽ

അതിരമ്പുഴ

മരണം 9-1-2014

ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി
ദുഃഖിതരായ കുടുംബാംഗങ്ങൾ



സ്വർഗ്ഗത്തിൽ ഒന്നാം പിറന്നാൾ
ആഘോഷിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട ഡാഡിക്ക് കണ്ണീരിൽ
കുതിർന്ന പ്രാർത്ഥനാപുഷ്പങ്ങൾ അർപ്പിക്കുന്നു.



# തോമസ് സെബാസ്റ്റ്യൻ (LIC Rtd.)
## (കുഞ്ഞച്ചൻ) കടവിൽ ഹൗസ്

ജനനം 19 – 10 – 1945 മരണം 24 – 1 – 2019

മറക്കില്ല ഡാഡീ ഈ മുഖം നിത്യതയിൽ ഒന്നിക്കാമെന്നുള്ള പ്രത്യാശയിൽ
പ്രാർത്ഥനയിൽ എന്നും ഓർത്തുകൊണ്ട് പ്രിയപ്പെട്ടവർ
ഭാര്യ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

സ്നേഹ സ്മരണക്ക്

**ഒന്നാം ചരമവാർഷികം**

6-1-2019



## ചാക്കോ ലൂയിസ് (81)

പേമലമുകളേൽ

അതിരമ്പുഴ


Available

15KVA

25KVA

30KVA

62.5KVA

125KVA

BJS

പവർ യൂണിറ്റ്

അതിരമ്പുഴ




Joby Kurian :93874 97959

Shijo Joseph :94468 04389

ജനറേറ്ററുകൾ വാടകയ്ക്ക്

സ്നേഹ സ്മരണയ്ക്ക്

2-ാം ചരമ വാർഷികം 11-01-2020



# ജോസഫ് കുര്യൻ

## ആലഞ്ചേരി കുട്ടപ്പൻ

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമേ

ദുഃഖിതരായ കുടുംബാംഗങ്ങൾ

ഈശോയോടൊന്നിച്ച്
സ്വർഗ്ഗത്തിൽ ഒന്നാം വാർഷികം



# റവ. ഫാ. റ്റി. ജെ. ജോസഫ് തെക്കേടത്ത്

സലേഷ്യൻ ഓഫ് ഡോൺ ബോസ്കോ

ജനനം 27–01–1928 മരണം 15–01–2019

സ്നേഹസ്മരണയ്ക്ക്

**15 – ാം ചരമ വാർഷികം**

27 – 01 – 2005



**റവ. ഫാ. ഫ്രാൻസിസ് കിളിയംപുരയ്ക്കൽ**

**(ജോളിച്ചൻ)**

ഒരിക്കലും മരിക്കാത്ത ഓർമകളോടെ
കെ. എൽ. സെബാസ്റ്റ്യൻ ആന്റ് ഫാമിലി

# സ്നേഹസ്മരണയ്ക്ക്

ഞങ്ങളുടെ പ്രീയപ്പെട്ട പപ്പയുടെ വേർപാടിന്റെ 22-ാം വർഷം



## ഫ്രാൻസിസ് ജോസഫ്

(കുട്ടപ്പൻ)

**ഓണംകുളം, അതിരമ്പുഴ**

**മരണം 14 . 01 . 1998**

# ക്രിസ്തുമസ് ദിന തിരുകർമ്മങ്ങൾ









## മാതൃപിതൃവേദിയുടെ ആഭിമുഖ്യത്തിൽ അഭയഭവൻ സന്ദർശനം







Happy
WEDDINGS
by
JOYALUKKAS
MALL OF JOY
• THE CELEBRATION MALL •
Joyalukkas
World's favourite jeweller
വിപുലമായ വിവാഹാഭരണ ശ്രേണികൾ • ലൈറ്റ് വെയ്റ്റ് ആഭരണ ശ്രേണികൾ
സ്വർണ്ണവിലയുടെ 10% മാത്രം നൽകി കുറഞ്ഞ വിലയിൽ അഡ്വാൻസ് ബുക്ക് ചെയ്യാനുള്ള സൗകര്യം
Baker Junction Kottayam 0481- 2560600, SCS Junction Thiruvalla 0469-2601999



# സ്നേഹസ്മരണയ്ക്ക്

## 6–ാം ചരമ വാർഷികം



## കെ.എൽ ലൂക്കോസ്

**ബേബിച്ചൻ കറുകച്ചേരിൽ**

ജനനം 11–02–1966

മരണം 09–01–2014



**കെ.എൽ. ലൂക്ക**
**കറുകച്ചേരിൽ**

മരണം 18–12–1998



**ഔസേപ്പ് മാത്യു**
**മണപ്പാട്ട്**

മരണം 11–12–2017



**മറിയക്കുട്ടി ലൂക്കാ**
**കറുകച്ചേരിൽ**

മരണം 25–11–2009



**അന്നമ്മ മാത്യു**
**മണപ്പാട്ട്**

മരണം 25–03–2018

ഒരിക്കലും മരിക്കാത്ത ഓർമ്മകളോടെ
ആൻസി ലൂക്കോസ്, ആൻമരിയ ലൂക്കോസ്

Granite Slabs starts from

# Rs.75/Sq.ft*



**Lapothra, Flame, Leather Finish**
**Rough Stones, Italian Marble**

ഈ ഓഫർ പരിമിത കാലത്തേക്കു മാത്രം




## CLASSIC
## GRANITES & MARBLES

**ETTUMANOOR**


M.C.Road, Parolickal Junction,
Kottayam Road, Mob: 9072345795
Ph: 0481 2532068

**Branch : Thrissur**

5/617, TUDA Road, Opp.Kalyan Sarees
Thrissur, Mob: 9072345053, 9072340762
Ph: 0487 2338838

E mail: classicgranitektm@gmail.com
Web:www.classicgraniteindia.com

# അതിരമ്പുഴ
# സെന്റ് മേരീസ്
# ഫൊറോനാ പള്ളി





## വി. സെബസ്ത്യാനോസിന്റെ
# തിരുനാൾ

**2020 ജനുവരി 19 മുതൽ ഫെബ്രുവരി 01 വരെ**

പ്രധാന തിരുനാൾ ദിനങ്ങൾ ജനുവരി 24,25 എട്ടാമിടം ഫെബ്രുവരി 1




പ്രിയരേ,

അതിരമ്പുഴയിലെ ചരിത്രപ്രസിദ്ധമായ വലിയ തിരുനാൾ വീണ്ടും ഒരിക്കൽകൂടി നമ്മെ തേടിവരുന്നു. വിശ്വാസം കാത്തു പരിപാലിക്കുന്നതിന് മാതൃക കാട്ടിത്തന്ന വി. സെബസ്ത്യാനോസ് സഹദായുടെ ജീവിതം വിശ്വാസത്തെ ചോദ്യം ചെയ്യുകയും തള്ളിപ്പറയുകയും ചെയ്യുന്ന ഈ കാലഘട്ടത്തിലെ ജനതയ്ക്ക് പ്രചോദനമേകട്ടെ. സ്വന്തം ജീവൻ വെടിയേണ്ടിവന്നിട്ടും താൻ വിശ്വസിച്ച് ഏറ്റു പറഞ്ഞ ഏക സത്യ ദൈവത്തെ ജീവിതത്തിന്റെ ശക്തിയായി സ്വീകരിച്ച വിശുദ്ധന്റെ മദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുവാനും അനുഗ്രഹം സ്വീകരിക്കുവാനും ഏവരെയും ക്ഷണിക്കുന്നു.

അനേകായിരങ്ങൾ പങ്കെടുക്കുന്ന തിരുനാളിന്റെ ആദ്ധ്യാത്മികത നിലനിർത്തിക്കൊണ്ട് ആരാധനയിലും തിരുകർമ്മങ്ങളിലും പങ്കെടുക്കുവാനും ഇത് ഈ ദേശത്തിലെ ജനതയുടെ ചൈതന്യമാക്കുവാനും നമുക്ക് പരിശ്രമിക്കാം. എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

ഏവർക്കും തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

ഫാ. ഡോ. ജോസഫ് മുണ്ടകത്തിൽ
(വികാരി)

റ്റി.ജെ. മാത്യു തേക്കുനിൽക്കുംപറമ്പിൽ
ജോസഫ് ജോൺ ഉപ്പുപുരയ്ക്കൽ
സിബി സെബാസ്റ്റ്യൻ മാതിരമ്പുഴ
ആന്റോ മാർട്ടിൻ ജോസഫ് നടമുഖത്ത്
(കൈക്കാരന്മാർ)

ഫാ.ആന്റണി തളികസ്ഥാനം CMI
(അസ്സോസിയേറ്റ് വികാർ)
ഫാ.പ്രിൻസ് മാഞ്ഞൂരാൻ VC (കൺവീനർ)
ഫാ.ജോസഫ് പുത്തൻപറമ്പിൽ
(കൺവീനർ)
ഫാ.ജിജോ കുറിയന്നൂർപറമ്പിൽ
(അസിസ്റ്റന്റ് വികാരിമാർ)



# ജനുവരി 10 മുതൽ 18 വരെ

## നവദിന / തിരുനാളൊരുക്കം

| | |
|---|---|
| 6.00 am | വി. കുർബാന |
| 7.00 am | ലദീഞ്ഞ്, നൊവേന, വി. കുർബാന |
| 5.00 pm | ലദീഞ്ഞ്, നൊവേന, വി. കുർബാന, പ്രസംഗം |

| | |
|---|---|
| ജനുവരി 10 വെള്ളി | : **ഫാ. ഡൊമിനിക് വെച്ചൂർ** (വടവാതൂർ സെമിനാരി) |
| ജനുവരി 11 ശനി | : **ഫാ. ജോസഫ് കടുപ്പിൽ** (വടവാതൂർ സെമിനാരി) |
| ജനുവരി 12 ഞായർ (4.15 pm) | : **ഫാ. ജോൺ പ്ലാത്താനം** (എസ്.ബി. കോളജ്) |
| ജനുവരി 13 തിങ്കൾ | : **ഫാ. സിറിയക് വലിയകുന്നുംപുറത്ത്** (വടവാതൂർ സെമിനാരി) |
| ജനുവരി 14 ചൊവ്വ | : **ചങ്ങനാശ്ശേരി അതിരൂപതയിലെ നവ വൈദികർ** |
| ജനുവരി 15 ബുധൻ | : **ഫാ. ഷൈജു പാറയ്ക്കൽ** (മീഡിയ വില്ലേജ്, ചങ്ങനാശ്ശേരി) |
| ജനുവരി 16 വ്യാഴം | : **ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി** (ഡയറക്ടർ, ചങ്ങനാശ്ശേരി അതിരൂപത മതബോധനകേന്ദ്രം) |
| ജനുവരി 17 വെള്ളി | : **ഫാ. സിജോ പുല്ലൻ സി.എസ്.റ്റി.** |
| ജനുവരി 18 ശനി | : **ഫാ. സ്കറിയാ കന്യാകോണിൽ** (വടവാതൂർ സെമിനാരി) |

## 2020 ജനുവരി 19 ഞായർ

5.15 am **വി.കുർബാന** (ചെറിയപള്ളിയിൽ)

5.45 am **സപ്ര, വി.കുർബാന, കൊടിയേറ്റ്,**
തുടർന്ന് **ലദീഞ്ഞ് നൊവേന** (വലിയപള്ളിയിൽ)
**വെരി. റവ. ഡോ. ജോസഫ് മുണ്ടകത്തിൽ** (വികാരി)

7.45 am **വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ)
**വെരി. റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ**
(പ്രൊക്കുറേറ്റർ, ചങ്ങനാശ്ശേരി അതിരൂപത)

7.45 am **വി.കുർബാന** (ചെറിയപള്ളിയിൽ)

9.45 am **വി.കുർബാന** (വലിയപള്ളിയിൽ)

9.45 am **വി.കുർബാന** (ചെറിയപള്ളിയിൽ)

4.00 am **പ്രസുദേന്തിവാഴ്ച്ച, ലദീഞ്ഞ്, നൊവേന,**
**പ്രസുദേന്തിനിയോഗത്തിലുള്ള വി.കുർബാന**
തുടർന്ന് : **പ്രദക്ഷിണം** (വലിയപള്ളിയിൽ)
**റവ.ഫാ.ജോയിസ് മടുക്കക്കുഴി** CMI (നവ വൈദികൻ)

5.00 pm **കഴുന്ന് പ്രദക്ഷിണം** (സ്പിന്നിംഗ് മിൽ)

6.30 pm **ലദീഞ്ഞ്** (കുരിശടിയിൽ)

7.00 pm **ലദീഞ്ഞ്** (വലിയപള്ളിയിൽ)

## 2020 ജനുവരി 20 തിങ്കൾ

5.45 am **സപ്രാ, തെക്കുംഭാഗത്തിന്റെ തിരുനാൾ കുർബാന**
(വലിയപള്ളിയിൽ)
**വെരി.റവ.ഡോ.ഫിലിപ്സ് വടക്കേക്കളം**
(വികാരി ജനറാൾ, ചങ്ങനാശ്ശേരി അതിരൂപത)

| | |
|---|---|
| 7.30 am | **തിരുസ്വരൂപം പ്രതിഷ്ഠിക്കൽ, കഴുന്ന് വെഞ്ചരിപ്പ്** |
| | **ദേശക്കഴുന്ന് വിതരണം** |
| 7.45 am | **പ്രദക്ഷിണം** (വലിയപള്ളിയിൽനിന്നും ചെറിയപള്ളിയിലേക്ക്) |
| 9.00 am | **ലദീഞ്ഞ്, നൊവേന,ആഘോഷമായ തിരുനാൾ കുർബാന** |
| | **പ്രസംഗം** (ചെറിയപള്ളിയിൽ) |
| | **വെരി.റവ.ഡോ.ഐസക്ക് ആലഞ്ചേരി** |
| | (ചാൻസിലർ, ചങ്ങനാശ്ശേരി അതിരൂപത) |
| | പ്രസുദേന്തി : **പി.ജെ ജോർജ് തട്ടാരേട്ട്** |
| 11.00 am | **വി.കുർബാന, പ്രസംഗം** (ചെറിയപള്ളിയിൽ ) |
| | **റവ.ഫാ.തോമസ് ചൂളപ്പറമ്പിൽ** CMI |
| 3.00 pm | **വി.കുർബാന, പ്രസംഗം** (ചെറിയപള്ളിയിൽ ) |
| | **റവ.ഫാ. ജെയിംസ് പി. കുന്നത്ത്** |
| | (അസി.ഡയറക്ടർ, ചെത്തിപ്പുഴ ഹോസ്പിറ്റൽ) |
| 5.00 pm | **കഴുന്ന് പ്രദക്ഷണം തെക്കുംഭാഗം** |
| 5.45 pm | **ലദീഞ്ഞ്, നൊവേന, വി.കുർബാന** (ചെറിയപള്ളിയിൽ ) |
| | **റവ.ഫാ. ടോണി മണിയൻചിറ** |
| | (വികാരി, പുന്നക്കുന്നത്തുശ്ശേരി പള്ളി) |
| 6.30 pm | **ലദീഞ്ഞ്** (ചെറിയപള്ളിയിൽ) |

## 2020 ജനുവരി 21 ചൊവ്വ

| | |
|---|---|
| 5.45 am | **സപ്രാ, കിഴക്കുംഭാഗത്തിന്റെ തിരുനാൾ കുർബാന** |
| | **വെരി.റവ.ഡോ.ഡൊമനിക് മുണ്ടാട്ട്** MCBS (വലിയപള്ളിയിൽ) |
| | (പ്രൊവിൻഷ്യൽ സുപ്പീരിയർ, എമ്മാവൂസ് പ്രൊവിൻസ് കോട്ടയം) |
| 7.15 am | **ലദീഞ്ഞ്, നൊവേന** |
| | **ആഘോഷമായ തിരുനാൾ കുർബാന, പ്രസംഗം** (ചെറിയപള്ളിയിൽ) |
| | **റവ.ഫാ. സിബി കുരിശുംമൂട്ടിൽ** |

| | |
|---|---|
| | (സെന്റ് ഡൊമിനിക് H.S.S കാഞ്ഞിരപ്പള്ളി) |
| 11.00 am | **ആഘോഷമായ വി.കുർബാന** |
| | മലങ്കര റീത്തിൽ (ചെറിയപള്ളിയിൽ) |
| | **റവ.ഫാ. തോമസ് കൈതാരം** |
| | (വികാരി, സെന്റ് ജോസ് ചർച്ച് ചിങ്ങവനം) |
| 3.00 pm | **വി.കുർബാന, പ്രസംഗം** (ചെറിയപള്ളിയിൽ) |
| | **റവ.ഫാ.തോമസ് കമ്പിയിൽ** |
| | (വികാരി, പുഷ്പഗിരി പള്ളി തെള്ളകം ) |
| 5.00 pm | **കഴുന്ന് പ്രദക്ഷിണം കിഴക്കുംഭാഗം** |
| 5.45 pm | **ലദീഞ്ഞ്, നൊവേന, വി.കുർബാന** (ചെറിയപള്ളിയിൽ) |
| | **റവ.ഫാ. റോജൻ നെൽപുരയ്ക്കൽ** |
| | (വികാരി, പള്ളിക്കുന്ന് പള്ളി) |
| 7.30 pm | **ലദീഞ്ഞ്** (ചെറിയ പള്ളിയിൽ) |

## 2020 ജനുവരി 22 ബുധൻ

| | |
|---|---|
| 5.45 am | **സപ്രാ, വടക്കുംഭാഗത്തിന്റെ തിരുനാൾ കുർബാന** |
| | (വലിയ പള്ളിയിൽ) |
| | **മാർ മാത്യു വാണിയകിഴക്കേൽ** (സത്ന രൂപതാ മുൻ മെത്രാൻ) |
| 7.15 am | **ലദീഞ്ഞ്, നൊവേന, ആഘോഷമായ വി.കുർബാന** |
| | (ചെറിയപള്ളിയിൽ) |
| | **റവ.ഫാ. ജോസ് പുത്തൻചിറ** (ഡയറക്ടർ, ആത്മത ചങ്ങനാശ്ശേരി) |
| 11.00 am | **വി.കുർബാന** (ചെറിയ പള്ളിയിൽ) |
| | **റവ.ഫാ. ഇമ്മാനുവേൽ നെല്ലുവേലി** |
| | (വികാരി, ചെറുവാണ്ടൂർ പള്ളി) |
| 3.00 pm | **ആഘോഷമായ തിരുനാൾ കുർബാന, പ്രസംഗം** |
| | (ചെറിയപള്ളിയിൽ) |

| | |
|---|---|
| | **റവ.ഫാ. ജോഷി മുപ്പതിൽചിറ** (വികാരി, ചാത്തനാട് പള്ളി) |
| 5.00 pm | **കഴുന്ന് പ്രദക്ഷിണം, വടക്കും ഭാഗം** |
| 5.45 pm | **ലദീഞ്ഞ്, നൊവേന, വി.കുർബാന പ്രസംഗം** (ചെറിയ പള്ളിയിൽ) |
| | **റവ.ഡോ. ടോം പുത്തൻകളം** (വികാരി, പുന്നത്തുറ പള്ളി) |
| 7.30 pm | **ലദീഞ്ഞ്** (ചെറിയപള്ളിയിൽ) |

## 2020 ജനുവരി 23 വ്യാഴം

| | |
|---|---|
| 5.45 am | **സപ്രാ, പടിഞ്ഞാറ്റും ഭാഗത്തിന്റെ തിരുനാൾ കുർബാന** |
| | (വലിയപള്ളിയിൽ) |
| | **വെരി. റവ. ഡോ.തോമസ് പാടിയത്ത്** |
| | (വികാരി ജനറാൾ ചങ്ങനാശ്ശേരി അതിരൂപത) |
| 7. 15 am | **ലദീഞ്ഞ്, നൊവേന, ആഘോഷമായ വി.കുർബാന, പ്രസംഗം** |
| | (ചെറിയപള്ളിയിൽ ) |
| | **റവ.ഫാ. മാത്യൂ അഞ്ചിൽ** (വികാരി, ഹോളിഫാമിലി ചർച്ച് തിരുമല) |
| 11.00 am | **വി.കുർബാന, ലത്തീൻ റീത്തിൽ** ( ചെറിയപള്ളിയിൽ) |
| | **ഫാ. അനീഷ് മുണ്ടിയാനിക്കൽ** MSFS |
| | (കാരിസ് ഭവൻ ധ്യാനകേന്ദ്രം, അതിരമ്പുഴ) |
| 3.00 pm | **ആഘോഷമായ തിരുനാൾ കുർബാന, പ്രസംഗം** |
| | (ചെറിയപള്ളിയിൽ) |
| | **റവ.ഫാ. ജോസിൻ കൊച്ചുപറമ്പിൽ** |
| | (അസി.വികാരി, വെരൂർ പള്ളി) |
| 5.00 pm | **കഴുന്നു പ്രദക്ഷിണം, പടിഞ്ഞാറ്റുംഭാഗം** |
| 5.45 pm | **ലദീഞ്ഞ്, നൊവേന, വി.കുർബാന, പ്രസംഗം** (ചെറിയപള്ളിയിൽ) |
| | **റവ.ഫാ. ജോസ് വരിക്കപ്പള്ളി** (വികാരി, വെട്ടിമുകൾ) |
| 7.30 pm | **ലദീഞ്ഞ്** (ചെറിയപള്ളിയിൽ) |





## 2020 ജനുവരി 24 വെള്ളി

| | |
|---|---|
| 5.45 am | **സപ്രാ, വി.കുർബാന, നൊവേന** (വലിയപള്ളിയിൽ) |
| | **റവ.ഫാ. ഷാജി തുമ്പേച്ചിറ** (സെഹിയോൻ, കുന്നന്താനം) |
| 7.30 am | **വി.കുർബാന, പ്രസംഗം, നൊവേന** (ചെറിയപള്ളിയിൽ) |
| | **റവ.ഫാ. ജിബിൻ കേഴപ്ലാക്കൽ** വികാരി, തിരുവല്ലം പള്ളി) |
| 9.30 am | **ആഘോഷമായ തിരുനാൾ കുർബാന, നൊവേന** (ചെറിയപള്ളിയിൽ) |
| | **റവ.ഡോ. ജോസ് പുതിയാപറമ്പിൽ** (മൈനർ സെമിനാരി, കുറിച്ചി ) |
| 11.00 am | **ആഘോഷമായ തിരുനാൾ കുർബാന, നൊവേന** (ചെറിയപള്ളിയിൽ ) |
| | **റവ.ഫാ. ഐബിൻ പകലോമറ്റം** (അസി.വികാരി, തിരുവനന്തപുരം ലൂർദ് പള്ളി) |
| 2.00 pm | **വി.കുർബാന, നൊവേന** (ചെറിയപള്ളിയിൽ) |
| | **റവ.ഫാ. സെബാസ്റ്റ്യൻ ചുണ്ടക്കാട്ടിൽ** OFM cap (റെക്ടർ, കപ്പൂച്ചിൻ വിദ്യാഭവൻ, തെള്ളകം) |
| 4.15 pm | **സമൂഹബലി** (വലിയപള്ളിയിൽ) |
| | **അതിരമ്പുഴ ഇടവകക്കാരായ ബഹുമാനപ്പെട്ട വൈദികർ** |
| 5.45 pm | **വലിയപള്ളിയിൽ നിന്നും നഗരം ചുറ്റിയുള്ള പ്രദക്ഷിണം** |
| 6.30 pm | **ടൗൺ കപ്പേളയിൽ ലദീഞ്ഞ്, പ്രസംഗം** |
| 7 .30 pm | **പ്രദക്ഷിണം തുടരുന്നു** |
| 7.45 pm | **വലിയ പള്ളിയിൽ നിന്നും രണ്ടാമത്തെ പ്രദക്ഷിണം ഇറങ്ങുന്നു** |
| 8.00 pm | **ഇരു പ്രദക്ഷിണങ്ങളും സംഗമിച്ച് ചെറിയപള്ളിചുറ്റി വലിയപള്ളിയിലേയ്ക്ക് നീങ്ങുന്നു** |
| 9.30 pm | **സമാപന പ്രാർത്ഥന ആശീർവാദം** (വലിയപള്ളിയിൽ ) |
| 10.30 pm | **രാത്രികാല ജപം** (ലെലിയാ) (വലിയപള്ളിയിൽ) |
| | **അതിരമ്പുഴ വെടിക്കെട്ട്** (അനുമതിക്ക് വിധേയമായി) |



## 2020 ജനുവരി 25 ശനി

| | |
|---|---|
| 5.45 am | **സപ്രാ, ആഘോഷമായ വി.കുർബാന, പ്രസംഗം, നൊവേന** |
| | (വലിയപള്ളിയിൽ ) |
| | **വെരി.റവ.ഡോ. ജോസഫ് മുണ്ടകത്തിൽ (വികാരി)** |
| 7.30 am | **ആഘോഷമായ വി.കുർബാന, പ്രസംഗം, നൊവേന** |
| | (വലിയപള്ളിയിൽ) |
| | **മാർ. സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ** (കൂരിയാ ബിഷപ്പ്) |
| 9.00 am | **ആഘോഷമായ വി.കുർബാന, പ്രസംഗം, നൊവേന** |
| | (വലിയപള്ളിയിൽ) |
| | **റവ.ഫാ. എബിൻ നീറുവേലിയിൽ** VC |
| | (റെക്ടർ, വിൻസെൻഷ്യൻ മൈനർ സെമിനാരി പാലാ) |
| 10.30 am | **ആഘോഷമായ തിരുനാൾ റാസ, പ്രസംഗം** (വലിയപള്ളിയിൽ) |
| | **റവ.ഫാ. റ്റിജോ പുത്തൻപറമ്പിൽ** |
| | (അസി.ഡയറക്ടർ ഫാമിലി അപ്പോസ്തലേറ്റ് ) |
| | **സന്ദേശം : റവ.ഫാ. ആന്റണി ഏത്തക്കാട്** (ഡയറക്ടർ S J C C) |
| 2.00 pm | **വി.കുർബാന, നൊവേന** (വലിയ പള്ളിയിൽ) |
| | **റവ.ഫാ. ജോസഫ് ചോരോട്ട് ചാമക്കാല** |
| | (അസി. വികാരി കോട്ടയ്ക്കപ്പുറം പള്ളി) |
| 4.00 pm | **ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ) |
| | **വെരി.റവ.ഡോ. മാണി പുതിയിടം** |
| | (ഫൊറോന വികാരി, കുടമാളൂർ പള്ളി) |
| 5.30 pm | **തിരുനാൾ പ്രദക്ഷിണം** |
| 7.30 pm | **സമാപന പ്രാർത്ഥന, ആശീർവാദം** |
| | **ശിങ്കാരിമേളം– കേരള കലാലയം കുറുമുള്ളൂർ ബ്രദേഴ്സ്** |

## 2020 ജനുവരി 26 ഞായർ

| | |
|---|---|
| 5.15 am | **വി.കുർബാന** (ചെറിയപള്ളിയിൽ)<br>**റവ. ഫാ.ആന്റണി തളികസ്ഥാനം** CMI |
| 5.45 am | **സപ്രാ, ആഘോഷമായ വി.കുർബാന, പ്രസംഗം, നൊവേന** (വലിയപള്ളിയിൽ)<br>**വെരി.റവ.ഫാ. സെബാസ്റ്റ്യൻ ഇലഞ്ഞിക്കൽ** CMI<br>(പ്രൊവിൻഷൽ സുപ്പീരിയർ, കോട്ടയം പ്രൊവിൻസ്) |
| 7.45 am | **ആഘോഷമായ വി.കുർബാന, പ്രസംഗം, നൊവേന** (വലിയപള്ളിയിൽ)<br>**റവ.ഫാ. ബിനു പൂവേലിൽ** VC |
| 9.45 am | **ആഘോഷമായ തമിഴ് കുർബാന, പ്രസംഗം, നൊവേന** (വലിയപള്ളിയിൽ)<br>**റവ.ഫാ. ജോർജ് വള്ളിയാംതടത്തിൽ**<br>(സെന്റ് മേരീസ് മൈനർ സെമിനാരി തക്കല) |
| 2.00 pm | **ആഘോഷമായ വി.കുർബാന, പ്രസംഗം, നൊവേന** (വലിയപള്ളിയിൽ)<br>**റവ.ഡോ. സോണി മുണ്ടുനടയ്ക്കൽ**<br>(എക്സിക്യൂട്ടീവ് ഡയറക്ടർ, ലൂർദ് മാതാ എഞ്ചിനിയറിംഗ് കോളേജ്) |
| 4.15 pm | **ആഘോഷമായ വി.കുർബാന, പ്രസംഗം, നൊവേന** (വലിയപള്ളിയിൽ)<br>**റവ.ഫാ. ജേക്കബ് നടുവിലേക്കളം**<br>(വികാരി, പാദുവാപുരം പള്ളി) |
| 6.15 pm | **ആഘോഷമായ വി.കുർബാന, പ്രസംഗം, നൊവേന** (വലിയപള്ളിയിൽ)<br>**റവ.ഫാ. സോണി ചൂരപ്പുഴ** (വികാരി, മണ്ണാർകുന്ന് പള്ളി) |

## 2020 ജനുവരി 27 തിങ്കൾ

5.45 am **സപ്രാ, ആഘോഷമായ വി.കുർബാന, പ്രസംഗം, ലദീഞ്ഞ്, നൊവേന** (വലിയപള്ളിയിൽ )
**റവ.ഫാ. ജേക്കബ് കിഴക്കേവീട്**
(വൈസ് പ്രിൻസിപ്പൽ, MOC വടവാതൂർ)

7.30 am **ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ)
**റവ. ഫാ. ജെ. മണക്കുന്നേൽ** (വികാരി, കോട്ടയ്ക്കപ്പുറം പള്ളി)

11.00 am **ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ )
**റവ.ഫാ. ജിജോ കുറിയന്നൂർപ്പറമ്പിൽ**

5.00 pm **ലദീഞ്ഞ്, നൊവേന, ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ )
**റവ.ഫാ. റ്റിജോ കക്കുഴി**
(അസി. പ്രൊക്കുറേറ്റർ, ചങ്ങനാശ്ശേരി അതിരൂപത)

6.30 pm **ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ)
**റവ.ഫാ. ജോസഫ് പുത്തൂർ** (സെമിനാരി, വടവാതൂർ)

## 2020 ജനുവരി 28 ചൊവ്വ

5.45 am **സപ്രാ, ലദീഞ്ഞ്, നൊവേന, ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ)
**വെരി.റവ.ഡോ. ജോസഫ് മുണ്ടകത്തിൽ**

7 .30 am **ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ )
**വെരി.റവ.ഫാ.ജോസഫ് വാണിയപുരയ്ക്കൽ**
(വികാരി ജനറാൾ, ചങ്ങനാശ്ശേരി അതിരൂപത)

11.00 am **ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ )
**റവ.ഫാ. ജോസഫ് പുത്തൻപറമ്പിൽ**

5.00 pm **ലദീഞ്ഞ്, മധ്യസ്ഥപ്രാർത്ഥന, വി.കുർബാന** (വലിയപള്ളിയിൽ)
**റവ.ഫാ. ആന്റണി പോരുക്കര**

(വികാരി, കുമരകം നവസ്രത്ത് പള്ളി)

6.30 pm **ആഘോഷമായ വി. കുർബാന, പ്രസംഗം** (വലിയപള്ളിയിൽ)
**റവ. ഫാ. ആന്റണി മേച്ചേരിമണ്ണിൽ** VC
(വികാരി, നാൽപ്പാത്തിമല പള്ളി)

## 2020 ജനുവരി 29 ബുധൻ

5.45 am **സപ്രാ, ആഘോഷമായ വി. കുർബാന, പ്രസംഗം, ലദീഞ്ഞ്, നൊവേന** (വലിയപള്ളിയിൽ)
**റവ. ഫാ. ആന്റണി തളികസ്ഥാനം** CMI

7.30 am **ആഘോഷമായ വി. കുർബാന, പ്രസംഗം** (വലിയപള്ളിയിൽ)
**റവ. ഫാ. പ്രിൻസ് പുത്തൻചിറ** MCBS (വികാരി, ലിസ്യൂ പള്ളി)

11.00 am **ആഘോഷമായ വി. കുർബാന, പ്രസംഗം** (വലിയപള്ളിയിൽ)
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**

5.00 pm **ലദീഞ്ഞ്, മധ്യസ്ഥ പ്രാർത്ഥന, വി. കുർബാന, പ്രസംഗം** (വലിയപള്ളിയിൽ)
**റവ. ഫാ. സെബാസ്റ്റ്യൻ കല്ലറയ്ക്കൽ**
(അസി. വികാരി, വെട്ടിമുകൾ പള്ളി)

6.30 pm **ആഘോഷമായ വി. കുർബാന, പ്രസംഗം** (വലിയപള്ളിയിൽ)
**റവ. ഫാ. നോബിൻ മടലിൽ** CMI

## 2020 ജനുവരി 30 വ്യാഴം

5.45 am **സപ്രാ, ആഘോഷമായ വി. കുർബാന, പ്രസംഗം, ലദീഞ്ഞ്, നൊവേന** (വലിയപള്ളിയിൽ)
**റവ. ഫാ. അലോഷ്യസ് വല്ലാത്തറ** (അസി. വികാരി, എടത്വാ പള്ളി)

7.30 am **ആഘോഷമായ വി. കുർബാന, പ്രസംഗം** (വലിയപള്ളിയിൽ)

**റവ.ഫാ. വർഗീസ് പനച്ചിങ്കൽ** (അസി. വികാരി, ഏറ്റുമാനൂർ പള്ളി)

11.00 am **ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ)
**റവ.ഫാ. പോൾ താന്നിപ്പള്ളി** OCD
(ചെറുപുഷ്പാശ്രമം, പാറോലിക്കൽ)

5.00 pm **ആഘോഷമായ വി.കുർബാന, പ്രസംഗം, ലദീഞ്ഞ്, നൊവേന** (വലിയപള്ളിയിൽ)
**റവ.ഫാ. ജോസഫ് പുത്തൻപറമ്പിൽ** (വികാരി, കട്ടച്ചിറ പള്ളി)

6.30 pm **ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ)
**റവ.ഫാ. മെൽവിൻ തെക്കേമാലിൽ** CST (നവ വൈദികൻ)

## 2020 ജനുവരി 31 വെള്ളി

5.00 am **വി.കുർബാന**
**റവ.ഫാ. ജോസഫ് പുത്തൻപറമ്പിൽ**

5.45 am **ആഘോഷമായ വി.കുർബാന, പ്രസംഗം, ലദീഞ്ഞ്, നൊവേന** (വലിയപള്ളിയിൽ)
**റവ.ഫാ. തോംസൺ കൂടപ്പാട്ട്** CMI

7.30 am **ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ)
**റവ.ഫാ. ടോംസ് കളപ്പുര**

11.00 am **ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ)
**റവ.ഫാ. സിറിയക് കോട്ടയരികിൽ**

5.00 pm **ആഘോഷമായ വി.കുർബാന, പ്രസംഗം, ലദീഞ്ഞ്, നൊവേന** (വലിയപള്ളിയിൽ)
**റവ.ഫാ. ആന്റണി പുത്തൻകളം** (വികാരി, മാന്നാനം പള്ളി)

6.30 pm **ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ )
**റവ.ഫാ. സ്കറിയാ കാമിച്ചേരി** (വികാരി, മങ്കൊമ്പ് പയസ് X)

## 2020 ഫെബ്രുവരി 1 ശനി എട്ടാമിടം

| | |
|---|---|
| പ്രസുദേന്തി | **ദിലീപ് മാത്യു കുഴിംതൊട്ടിയിൽ** |
| 5.45 am | **ആഘോഷമായ വി.കുർബാന, പ്രസംഗം, ലദീഞ്ഞ്, നൊവേന** (വലിയപള്ളിയിൽ) |
| | **മാർ തോമസ് തറയിൽ** |
| | (സഹായ മെത്രാൻ, ചങ്ങനാശ്ശേരി അതിരൂപത) |
| 7.30 am | **ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ) |
| | **റവ.ഫാ. സോണി പള്ളിച്ചിറയിൽ** |
| | (അസി. വികാരി, മെത്രാപ്പോലിത്തൻപള്ളി ചങ്ങനാശ്ശേരി) |
| 9.00 am | **ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ ) |
| | **വെരി. റവ.ഫാ. മാത്യൂ കക്കാട്ടുപള്ളിയിൽ** VC |
| | (പ്രോവിൻഷ്യൽ സുപ്പീരിയർ, കോട്ടയം) |
| 11.00 am | **ആഘോഷമായ സുറിയാനി കുർബാന, പ്രസംഗം** (വലിയപള്ളിയിൽ ) |
| | **റവ.ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ** |
| | (വികാരി, സെന്റ് ആന്റണീസ് പള്ളി, കീരിക്കര) |
| 2.00 pm | **ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ) |
| | **റവ.ഫാ. ജോസഫ് വേലങ്ങാട്ടുശ്ശേരിയിൽ** |
| | (ഡയറക്ടർ KCSL ചങ്ങനാശ്ശേരി) |
| 4.00 pm | **ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ) |
| | **റവ.ഫാ. ജോർജ് തൈച്ചേരിയിൽ** |
| | (അസി. വികാരി, തൃക്കൊടിത്താനം പള്ളി) |
| 5.30 pm | **ലദീഞ്ഞ്, നൊവേന,ആഘോഷമായ വി.കുർബാന, പ്രസംഗം** (വലിയപള്ളിയിൽ) |
| | **മാർ ജോസഫ് പെരുംന്തോട്ടം** |
| | (ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്താ) |
| | **പ്രദക്ഷിണം** |
| 7.30 pm | **വി.സെബസ്ത്യാനോസിന്റെ തിരുസ്വരൂപം പുനഃപ്രതിഷ്ഠിക്കൽ** |
| | **സമാപന പ്രാർത്ഥന, ആശീർവാദം** |
| | **കൊടിയിറക്കൽ** |





# കലാപരിപാടികൾ

**ജനുവരി 20 തിങ്കൾ – തെക്കുംഭാഗം**

8.00 pm

**കലാസന്ധ്യ**
അവതരണം
**പാലാ കമ്മ്യൂണിക്കേഷൻസ്**

**ജനുവരി 21 ചൊവ്വ കിഴക്കുംഭാഗം**

8.00 pm

**ഗാനമേള**
അവതരണം
**കാഞ്ഞിരപ്പള്ളി അമല കമ്യൂണിക്കേഷൻസ്**

**ജനുവരി 22 ബുധൻ – വടക്കുംഭാഗം**

8.30 pm

**ഗാനമേള**
അവതരണം
**പത്തനംതിട്ട സാരംഗ്**

**ജനുവരി 23 വ്യാഴം – പടിഞ്ഞാറ്റുംഭാഗം**

8.30 pm
അവതരണം

**ഗാനമേള**
**മൂവാറ്റുപുഴ ഏയ്ഞ്ചൽ വോയ്സ്**

**ജനുവരി 24 വെള്ളി**

**അതിരമ്പുഴ വെടിക്കെട്ട്**
(അനുമതിക്ക് വിധേയമായി)

**ജനുവരി 25 ശനി**

8.00 pm

**ശിങ്കാരിമേളം**
**കേരള കലാലയം കുറുമള്ളൂർ ബ്രദേഴ്സ്**

| | |
|---|---|
| ലൈറ്റ് & സൗണ്ട് | സാന്റാ സൗണ്ട് & ഈവന്റസ്, അതിരമ്പുഴ |
| LED കളർ വാഷ് | സി.കെ. പ്രോലൈറ്റ്സ്, ഏറ്റുമാനൂർ |
| ഇലുമിനേഷൻ | സോഫി സൗണ്ട്, വാരപ്പെട്ടി |
| അലങ്കാരം | മെറിസ്റ്റം ഇവന്റ്സ് |
| ബാൻഡ് സെറ്റുകൾ | സെന്റ് മേരീസ് സ്കൂൾ ബാൻഡ് സെറ്റ്, അതിരമ്പുഴ |
| | സെന്റ് തോമസ് ബാൻഡ് സെറ്റ്, പട്ടിത്താനം |
| | സെന്റ് സെബാസ്റ്റ്യൻ ബാൻഡ് സെറ്റ്, അതിരമ്പുഴ |
| | ക്ലാസ്സിക്ക് ബാൻഡ് സെറ്റ്, തിരുവനന്തപുരം |
| പഞ്ചവാദ്യം | ചന്ദ്രബാബു കലാസമിതി, ഓണംതുരുത്ത് |
| തംബേർ | കാഞ്ഞിരംകാലാ ഗ്രൂപ്പ് |
| | സെന്റ് മേരീസ്, തെള്ളകം |
| ചെണ്ടമേളം | കുറുമുള്ളൂർ ബ്രദേഴ്സ് |
| ഗായകസംഘം | അതിരമ്പുഴ ചർച്ച് ക്വയർ |

## പ്രത്യേക ശ്രദ്ധയ്ക്ക്

1. ജനുവരി 20 മുതൽ ഫെബ്രുവരി 1-ാം തീയതി രാത്രി 7.30 വരെ വിശുദ്ധന്റെ രൂപം കണ്ടു വണങ്ങുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
2. ജനുവരി 26-ാം തീയതി രാത്രി 7 മണിക്ക് നേർച്ച സാധനങ്ങൾ എൻക്വയറി ഓഫീസിൽവെച്ച് ലേലം ചെയ്യുന്നതാണ്.
3. ജനുവരി 24, 25 തീയതികളിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സ്പഷ്യൽ ബസ് സർവ്വീസുകൾ ഉണ്ടായിരിക്കും.
4. വാർഡുകളിൽ നിന്നുള്ള കഴുന്ന് പ്രദക്ഷിണങ്ങൾ വൈകിട്ട് 7 മണിക്ക് പള്ളിയിൽ എത്തിച്ചേരേണ്ടതാണ്.
5. കഴുന്ന് നേർച്ച നടത്തുന്നവരുടെ സൗകര്യാർത്ഥം പള്ളിയങ്കണത്തിൽ കൗണ്ടറുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഭക്തജനങ്ങൾ കൂപ്പൺ വാങ്ങി വിശുദ്ധന്റെ രൂപത്തിങ്കൽകൊടുത്ത് കഴുന്ന് വാങ്ങി നേർച്ച നടത്തേണ്ടതാണ്.
6. തിരുനാൾ ദിവസങ്ങളിൽ അടിമ, കുമ്പസാരം എന്നിവയ്ക്ക് അവസരം ഉണ്ടായിരിക്കുന്നതാണ്.
7. കയ്യ്, കാല്, ആൾരൂപം മുതലായ നേർച്ച സാധനങ്ങൾക്ക് പകരമായി നിങ്ങൾ ആഗ്രഹിക്കുന്ന തുക നേർച്ചപെട്ടിയിൽ നിക്ഷേപിക്കുക.
8. പള്ളി മൈതാനത്തും പരിസരങ്ങളിലും കയ്യ്, കാല്, ആൾരൂപം മുതലായവ വിൽക്കുന്നത് നിരോധിച്ചിരിക്കുന്നു.
9. വെള്ളിയാഴ്ചകളിൽ നടത്തുന്ന നൊവേന ഏറ്റുകഴിക്കാവുന്നതാണ്. തിരുനാളിന് ഒരുക്കമായുള്ള നൊവേനയും ഓരോ ദിവസത്തേതും ഏറ്റു കഴിക്കാവുന്നതാണ്.
10. പള്ളിപരിസരത്തും കുരിശിൻ തൊട്ടിയിലും പള്ളിമൈതാനത്തും ഭിക്ഷാടനം നിരോധിച്ചിരിക്കുന്നു.
11. കുരിശിൻതൊട്ടിയിൽ എണ്ണ ഒഴിച്ച് തിരി കത്തിക്കുന്നതിന് കൂടുതൽ സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. (കൗണ്ടറിൽ നിന്ന് എണ്ണ വാങ്ങാവുന്നതാണ്.)
12. പ്രദക്ഷിണ സമയത്ത് വാഹനതടസ്സം ഉണ്ടാകാതിരിക്കുവാൻ പോലീസിന്റെ നിർദ്ദേശങ്ങൾ എല്ലാവരും പാലിക്കേണ്ടതാണ്.



# തിരുവചന വായനകൾ

## 2020 ജനുവരി

### ദനഹാക്കാലം

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | **1**<br>ഉല്പ17:1-27<br>ഏശ 42:18-43:13<br>ഫിലി 2:5-11<br>മത്താ 1:8-25 | **2**<br>ശ്ലീഹാ നട.<br>3:20-26<br>മത്താ 4:12-17 | **3**<br>പുറ 15:11-21<br>ശ്ലീഹ.നട. 1:1-14<br>റോമാ 16:1-27<br>ലൂക്കാ 1:26-55 | **4**<br>1കോറി 2:11-15<br>ലൂക്കാ 12:35-40 |
| **5**<br>പുറ 3:1-12<br>ഏശ 44:21-45:4<br>2 തിമോ 3:1-15<br>ലൂക്കാ 4:14-30 | **6**<br>സംഖ്യ 24:2-9<br>15-25<br>ഏശ 4:25, 11:1-5<br>തീത്തോ 2:11-2:7,<br>മത്താ 3:1-17 | **7**<br>തീത്തോ 3:8-11<br>ലൂക്കാ 13:23-30 | **8**<br>1കോറി 6:15-20<br>യോഹ 2:13-17 | **9**<br>1കോറി 2:6-10<br>ലൂക്കാ 7:11-17 | **10**<br>ഏശ 35:1-10<br>ശ്ലീഹ നട. 13:3-33<br>എഫേ 2:19-3:21<br>മർക്കോ 6:14-29 | **11**<br>റോമാ 9:30-33<br>യോഹ 10:31-39 |
| **12**<br>സംഖ്യ 10:29<br>-11:10<br>ഏശ 45:11-17<br>ഹെബ്രാ 3:1-4:7<br>യോഹ 1:1-28 | **13**<br>1കോറി 11:17-22<br>യോഹ 17:20-26 | **14**<br>1കോറി 12:12-18<br>യോഹ 15:1-10 | **15**<br>എഫേ 2:1-19<br>യോഹ 21:15-19 | **16**<br>1പത്രോ 5:5-9<br>മർക്കോ 4:35-41 | **17**<br>2രാജാ 4:8-37<br>ശ്ലീഹ.നട 9:32:42<br>2കോറി 10:1-7<br>മത്താ 16:13-19 | **18**<br>റോമാ 10:10-20<br>മർക്കോ 1:21-28 |
| **19**<br>സംഖ്യ 11:11-20<br>ഏശ 45:18-46:4<br>ഹെബ്രാ 3:14<br>-4:10<br>യോഹ 1:29-42 | **20**<br>1 യോഹ 5:1-5<br>ലൂക്കാ 12:4-12 | **21**<br>റോമാ 15:14-21<br>യോഹ 17:6-11 | **22**<br>2 കോറി 6:4-10<br>ലൂക്കാ 3:15-18 | **23**<br>1കോറി 9:24-27<br>മർക്കോ 10:7-22 | **24**<br>1രാജാ 18:30-39<br>ശ്ലീഹ.നട.5:12-32<br>1കോറി 4:9-16<br>മത്താ 9:35-10:15 | **25**<br>പുറ 3:-14<br>ശ്ലീഹ.നട 9:1-22<br>1കോറി 15:10<br>മത്താ 20:1-16 |
| **26**<br>സംഖ്യ 11:3-35<br>ഏശ 46:5-13<br>ഹെബ്രാ 7:18-28<br>യോഹ 1:43-2:11 | **27**<br>ശ്ലീഹ.നട. 16:25<br>-34<br>ലൂക്കാ 5:12-16 | **28**<br>ഹെബ്രാ 4:1-7<br>ലൂക്കാ 4:22-30 | **29**<br>ഗലാ 1:6-10<br>യോഹ 10:1-6 | **30**<br>1 കോറി 5:11-14<br>യോഹ 1:35-42 | **31**<br>1രാജാ 21:1-21<br>ശ്ലീഹ നട. 6:8-15,<br>7:51-8:2<br>2കോറി 3:18-4:18<br>മത്താ 11:20<br>-30+23:29-39 | |

# ഈ മാസത്തിൽ ഓർക്കാൻ

| | |
|---|---|
| 1 ബുധൻ | കർത്താവിന്റെ നാമകരണ തിരുനാൾ |
| 3 വെള്ളി<br>3 വെള്ളി | ദൈവമാതൃത്വത്തിരുനാൾ<br>ആദ്യവെള്ളി, വചനപ്രഘോഷണം |
| 4 ശനി 2.30 pm<br>4 ശനി 6.30 pm | സീനിയർ സിറ്റിസൺസ് ഫോറം വാർഷികം<br>തിരുനാൾ VIP മീറ്റ് |
| 5 ഞായർ<br>ഞായർ 4.15 | ദനഹാക്കാലം ഒന്നാം ഞായർ<br>ദനഹ ദീപം തെളിക്കൽ<br>പിണ്ടികുത്തി തിരുനാൾ കർമ്മങ്ങൾ<br>(കടുംബകൂട്ടായ്മകളുടെ നേതൃത്വത്തിൽ |
| 6 തിങ്കൾ | ദനഹാ തിരുനാൾ (കടമുള്ള ദിവസം) |
| 10 വെള്ളി | വി. സ്നാപക യോഹന്നാൻ |
| 12 ഞായർ 4.00 | പാരീഷ് കൗൺസിൽ |
| 17 വെള്ളി | വി. പത്രോസ് പൗലോസ് ശ്ലീഹന്മാർ |
| 18 ശനി | സഭൈക്യ വാരാചരണം തുടങ്ങുന്നു. |
| 19 ഞായർ | വി. സെബസ്ത്യാനോസ് സഹദാ<br>തിരുനാൾ കൊടിയേറ്റ് |
| 24, 25 | പ്രധാന തിരുനാൾ ദിനങ്ങൾ |
| 26 ഞായർ | റിപ്പബ്ലിക് ദിനം |
| ഫെബ്രുവരി 1 ശനി | **എട്ടാമിടം** |

Remember